VOL NO: 08 I ISSUE 12
2024 MARCH 23 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com



മതപണ്ഡിതൻ, പ്രസംഗകൻ, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ, സംഘാടകൻ, ബഹുഭാഷാ വിദഗ്ധൻ, സാമുദായിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ... തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു ഇ.കെ മൗലവി. മുസ്‌ലിം കൈരളിയുടെ സംഘടിത നവോത്ഥാന നായകരിൽ ആദ്യ സ്ഥാനക്കാരിലൊരാളായ മൗലവിയുടെ സ്മരണകളിലൂടെ.

## ഇ.കെ മൗലവി; മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ

**തെരഞ്ഞെടുപ്പും ഇവിഎം മെഷീനും**

- നോമ്പ്; പട്ടിണിയും ധൂർത്തും
- സമസ്തക്കാർ ചരിത്രം മറക്കുന്നു
- നോമ്പ്; മനസ്സിനെ സംസ്കരിക്കുവാനുള്ള സുവർണാവസരം







| | |
|---|---|
| പ്രാർത്ഥനയുടെ അത്ഭുതങ്ങൾ | ₹170 |
| ദിക്റുകൾ: നേട്ടങ്ങൾ, അദാബുകൾ | ₹100 |
| നമസ്കാരത്തിലെ പ്രാർത്ഥനകൾ, പ്രകീർത്തനങ്ങൾ | ₹100 |
| നബി (സ്വ)യുടെ പ്രാർത്ഥനകൾ | ₹120 |
| രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ₹80 |
| | ₹ 570 |

Limited Offer

DISCOUNT PRICE ₹370




പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു

WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com

CONTACT: Mob: +91 7356 766 478

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

0374

# നേർപഥം

വാരിക

2024 മാർച്ച് 23
1445 റമദാൻ 13
പുസ്തകം 08 / ലക്കം 12





കവർ സ്റ്റോറി




## പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

മതപണ്ഡിതൻ, പ്രസംഗകൻ, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ, സംഘാടകൻ, ബഹുഭാഷാ വിദഗ്ധൻ, സാമുദായിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ... തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു ഇ.കെ. മൗലവി. മുസ്‌ലിം കൈരളിയുടെ സംഘടിത നവോത്ഥാന നായകരിൽ ആദ്യ സ്ഥാനക്കാരിലൊരാളായ മൗലവിയുടെ സ്മരണകളിലൂടെ.


**05** മുഖമൊഴി
തെരഞ്ഞെടുപ്പും ഇവിഎം മെഷീനും

**06** ലേഖനം
വഹ്‌യിന്റെ മഴയും മസീഹ് വാദവും!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

**18** വിമർശനം
സമസ്തക്കാർ ചരിത്രം മറയ്ക്കുന്നു
മുബാറക് ബിൻ ഉമർ

**22** ലേഖനം
നോമ്പ്: മനസ്സിനെ സംസ്കരിക്കുവാനുള്ള സുവർണാവസരം
ഫൈസൽ മുഴിക്കൽ

**23** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറ:സ്വാദ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** ആരോഗ്യപഥം
റമദാനിലെ ഭക്ഷണം
ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ

**26** കർമപഥം
സകാത്തിന്റെ അവകാശികൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**29** ലേഖനം
ദാനധർമത്തിന്റെ സദ്ഫലങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**31** ലേഖനം
സ്രഷ്ടാവ് വെറുക്കുന്ന ചില കാര്യങ്ങൾ
സമീർ മുണ്ടേരി

**34** കാഴ്ച
നോമ്പ്; പട്ടിണിയും ധൂർത്തും
ഇബ്നു അലി എടത്തനാട്ടുകര



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ സൗഹൃദ സംഗമവും ഇഫ്ത്വാറും ഹൃദ്യമായി

മലപ്പുറം: മത, രാഷ്ട്രീയ, സാമൂഹ്യ മേഖലകളിലെ പ്രമുഖരായ വ്യക്തിത്വങ്ങളെ ക്ഷണിച്ചുകൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറത്ത് സംഘടിപ്പിച്ച സൗഹൃദ സംഗമവും ഇഫ്ത്വാറും ഹൃദ്യമായി.

പൗരത്വ ഭേദഗതി നിയമമടക്കമുള്ള ഒട്ടനവധി പ്രശ്നങ്ങളാൽ രാജ്യത്തിന്റെ രാഷ്ട്രീയ-സാമൂഹിക പരിതസ്ഥിതികൾ നീറിക്കൊണ്ടിരിക്കുമ്പോൾ ഇത്തരം സംഗമങ്ങൾ തീർച്ചയായും വലിയ പ്രാധാന്യമർ ഹിക്കുന്നതാണെന്ന് അതിഥികളായെത്തിയ എല്ലാവരും ഒരേസ്വരത്തിൽ അഭിപ്രായപ്പെട്ടു. ഗസ്സയിലെ നിരാലംബരായ മനുഷ്യജീവിതങ്ങൾ റമദാനിൽ പോലും നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളും, ഭരണഘടനയെത്തന്നെ അട്ടിമറിക്കുന്ന ഫാസിസത്തിന്റെ കെണികളും, കോളേജ് ക്യാമ്പസുകളിലും സ്കൂളുകളിലും വർധിച്ചുവരുന്ന ആഘോഷത്വരകളും, കുടുംബകങ്ങളിലേക്കുവരെ എത്തിത്തുടങ്ങിയ ലിബറലിസവും മതനിരാസവും തുടങ്ങി ഗഹനമായ ഒട്ടനവധി വിഷയങ്ങളാണ് വളരെ ചുരുങ്ങിയ സമയം കൊണ്ടാണെങ്കിലും ചർച്ച ചെയ്യപ്പെട്ടത്.

പ്രതിസന്ധികളുടെ കാർമേഘങ്ങൾ കുമിഞ്ഞുകൂടുമ്പോഴും വിശ്വാസത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും സന്ദേശങ്ങൾ ഉയർത്തുന്ന റമദാൻ വിശ്വാസികൾക്ക് പ്രതീക്ഷയും പ്രത്യാശയുമാണെന്ന് ഇഫ്ത്വാർ സന്ദേശത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഉപാധ്യക്ഷൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഓർമപ്പെടുത്തി. ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് ആമുഖ സംസാരം നടത്തി.

ഇ.ടി മുഹമ്മദ് ബഷീർ എം.പി, ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി, കെ.പി.എ മജീദ് എം.എൽ.എ, ഡോ. കെ.ടി ജലീൽ എം.എൽ.എ, പ്രൊഫ. ആബിദ് ഹുസൈൻ കോയ തങ്ങൾ എം.എൽ.എ, ടി.വി ഇബ്റാഹീം എം.എൽ.എ, നജീബ് കാന്തപുരം എം.എൽ.എ, പി.എം.എ സലാം (ജന. സെക്രട്ടറി ഐ.യു.എം.എൽ), വി. വസീഫ് (പ്രസി. ഡി.വൈ.എഫ്.ഐ കേരള), ഇ.എം മോഹൻദാസ് (സി.പിഎം ജില്ലാ സെക്രട്ടറി), കെ.പി നൗഷാദ് അലി (കെ.പി.സി.സി സെക്രട്ടറി), വി.എസ് ജോയ് (ഡി.സി.സി പ്രസിഡന്റ്, മലപ്പുറം), മുജീബ് കാടേരി (മുൻസിപ്പൽ ചെയർമാൻ, മലപ്പുറം), നൗഷാദ് മണ്ണിശ്ശേരി, പ്രൊഫ. എൻ.വി സകരിയ്യ, ശിഹാബ് പൂക്കോട്ടൂർ (ജമാഅത്തെ ഇസ്‌ലാമി കേരള), പ്രൊഫ. കെ.പി സകരിയ്യ, കെ.പി അബ്ദുൽ റഹീം (മർകസുദ്ദഅ്‌വ), ഡോ. ഫസൽ ഗഫൂർ (എം.ഇ.എസ്), പി. ഉണ്ണീൻ (എം.എസ്.എസ്, കിംസ് അൽശിഫ), എൻ. അബ്ദുൽ റഷീദ് (മൗലാന ഹോസ്പിറ്റൽ), ഡോ. പി.എ കബീർ (അൽമാസ് ഹോസ്പിറ്റൽ) എന്നിവരും പ്രമുഖ വാർത്താമാധ്യമങ്ങളുടെ പ്രതിനിധികളായി അബ്ദുല്ലത്തീഫ് നഹ (ദ ഹിന്ദു), മഹേഷ്കുമാർ (മനോരമ ന്യൂസ് ), ശംസുദ്ദീൻ (മാധ്യമം), ഇഖ്ബാൽ കല്ലുങ്ങൽ (ചന്ദ്രിക ദിനപത്രം), സാജിദ് അജ്മൽ (മീഡിയാവൺ), സഅദ് റഹ്മാൻ (24 ന്യൂസ്), മുഹമ്മദലി.പി (സുപ്രഭാതം), ബിജു സി. പി (മാതൃഭൂമി), അരുൺ അമൃത് നാഥ് (മാതൃഭൂമി ന്യൂസ്) എന്നിവരും സൗഹൃദ സംഗമത്തിൽ പങ്കെടുത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഭാരവാഹികളായ അബൂബക്ർ സലഫി, നാസിർ ബാലുശ്ശേരി, കെ.സജാദ്, അബ്ദുൽ മാലിക് സലഫി, സംസ്ഥാന നിർവാഹക സമിതി അംഗങ്ങൾ, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസി. കെ. താജുദ്ദീൻ സ്വലാഹി, ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, ജനറൽ സെക്രട്ടറി ടി. ശമീൽ, മറ്റു സംസ്ഥാന ഭാരവാഹികൾ, ഡോ. സയ്യിദ് മുഹമ്മദ് ശാക്കിർ, അഡ്വ.പി.കെ ഹബീബ് റഹ്മാൻ എന്നിവരും സന്നിഹിതരായി.

# തെരഞ്ഞെടുപ്പും ഇവിഎം മെഷീനും

മുംബൈയിൽ സമാപിച്ച ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന സമ്മേളനത്തിൽ ജനലക്ഷങ്ങളെ സാക്ഷി നിർത്തി രാഹുൽ ഗാന്ധി പറഞ്ഞു: “രാജാ കീ ആത്മാ ഇ.വി.എം മെ ഹെ. മേ ആപ് കോ ബതാ രഹാ ഹൂം; ഇ.വി.എം കെ ബിനാ നരേന്ദ്ര മോദിജി കോ ചുനാവോ ന ജീത് സക്താ ഹെ’ (രാജാവിന്റെ ആത്മാവ് കുടികൊള്ളുന്നത് ഇ.വി.എം മെഷീനിലാണ്. ഞാൻ നിങ്ങളോട് പറയുന്നു; ഇ.വി.എം ഇല്ലാതെ നരേന്ദ്ര മോദിക്ക് ഈ തെരഞ്ഞെടുപ്പിൽ ഒരിക്കലും വിജയിക്കാൻ സാധിക്കുകയില്ല).

ഇ.വി.എം മെഷീനിൽ കൃത്രിമം കാണിക്കാൻ കഴിയുമെന്നത് യാഥാർഥ്യമാണ്. നമ്മുടെ നാട്ടിലെ സ്കൂൾ കുട്ടികൾ പോലും അത് തെളിയിക്കുന്ന വീഡിയോകളുമായി രംഗത്തുവന്നത് നാം കണ്ടതാണ്. കൃത്രിമം കാണിക്കാൻ കഴിയുമെന്നതുകൊണ്ടു തന്നെയാണ് ലോകത്തെ ഏറ്റവും വലിയ വികസിത രാജ്യങ്ങളിൽ പോലും തെരഞ്ഞെടുപ്പിൽ മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പറുകൾ ഉപയോഗിച്ചുവരുന്നത്. അമേരിക്ക, ബ്രിട്ടൻ, ഓസ്ട്രേലിയ, ഫ്രാൻസ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ബാലറ്റ് പേപ്പറുകളാണ് തെരഞ്ഞെടുപ്പിൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയെക്കാൾ കുറ്റമറ്റ രീതിയിൽ വോട്ടിംഗ് മെഷീനുകൾ സജ്ജീകരിക്കാൻ ശേഷിയുള്ള രാജ്യങ്ങൾ പോലും അത് ഉപയോ ഗിക്കാതിരിക്കുന്നത് എത്ര കുറ്റമറ്റതാണെങ്കിലും അതിൽ കൃത്രിമം സാധ്യമാണ് എന്ന ഒറ്റക്കാരണത്താലാണ്. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സംവിധാനം സുതാര്യവും കുറ്റമറ്റതുമാണെന്ന് ബോധ്യപ്പെടണമെങ്കിൽ ഇ.വി.എം മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പറുകൾ തെരഞ്ഞെടുപ്പിന് ഉപയോഗിക്കേണ്ടതുണ്ട്.

നാനൂറിലധികം സീറ്റുകൾ എൻഡിഎ മുന്നണി നേടുമെന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം മോദി പ്രഖ്യാപിക്കുന്നതിനു പിന്നിലെ പ്രധാനപ്പെട്ട കാര്യം ഇതുതന്നെയായിരിക്കുമെന്നതിൽ സംശയമില്ല. തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പ് അയോധ്യയിലെ രാമക്ഷേത്രം തുറന്നുകൊടുത്തതും പൗരത്വ നിയമം പാസ്സാക്കിയതും വോട്ടുബാങ്കിൽ കണ്ണുവെച്ചു മാത്രമാണ്. മസ്തിഷ്ക പ്രക്ഷാളനത്തിലൂടെ ഉത്തരേന്ത്യൻ ജനങ്ങളുടെ മനസ്സിനെ വർഗീയവത്കരിക്കാൻ കഴിഞ്ഞ സ്ഥിതിക്ക്, ദാരിദ്ര്യവും തൊഴിലില്ലായ്മയും വിലക്കയറ്റവുമൊന്നും അവർ പരിഗണിക്കില്ലെന്നും അവരുടെ വോട്ടുകളെല്ലാം തങ്ങളുടെ പെട്ടിയിലേക്ക് ഒഴുകുമെന്ന ആത്മവിശ്വാസവും പ്രതിയോഗികളുടെ ആത്മവീര്യം തകർക്കുക എന്ന ലക്ഷ്യവുമെല്ലാം ഈ പ്രഖ്യാപനത്തിനു പിന്നിലുണ്ടായിരിക്കാം.

ഇ.വി.എമ്മിനെതിരെ സംസാരിക്കുമ്പോൾ സംഘ്പരിവാർ പാളയത്തിൽനിന്നും എപ്പോഴും മറുപടിയായി കേൾക്കാറുള്ളത് ‘നിങ്ങൾ വിജയിക്കുമ്പോൾ ഇ.വി.എമ്മിന് കുഴപ്പങ്ങളൊന്നുമില്ല, ഞങ്ങൾ ജയിച്ചാൽ അതിന്റെ പിന്നിൽ ഇ.വി.എം തിരിമറിയാണ് എന്നാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിൽ എന്ത് ന്യായമാണുള്ളത്’ എന്നൊക്കെയാണ്. അതിന് ഉദാഹരണമായി കഴിഞ്ഞ കർണാടക ഇലക്ഷനിൽ കോൺഗ്രസ് വിജയിച്ചത് അവർ എടുത്തു പറയും. അത് ശരിയാണല്ലോ എന്ന് നമുക്കെല്ലാം തോന്നുകയും ചെയ്യും. ഇ.വി.എം മെഷീനിൽ കൃത്രിമം കാണിക്കാൻ സാധിക്കുകയില്ല എന്ന് സാധാരണക്കാരെ ബോധ്യപ്പെടുത്തൽ ഇലക്ഷൻ കമ്മീഷന്റെ മാത്രമല്ല, സംഘ്പരിവാറിന്റെ ഏറ്റവും വലിയ ആവശ്യമാണ്. കാരണം അവർക്ക് ലോക്സഭാ തിരഞ്ഞെടുപ്പിൽ നിർബന്ധമായും വിജയിച്ചേ മതിയാകൂ. അതിനുവേണ്ടി ഒരു സംസ്ഥാന തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാലും പ്രശ്നമില്ല. കർണാടക തെരഞ്ഞെടുപ്പിൽ ഇ.വി.എം മെഷീനിൽ കൃത്രിമം കാണിക്കാത്തതിന്റെ ന്യായം ഇതായിരിക്കാം. ചില നിരീക്ഷകരുടെ ഈ വിലയിരുത്തൽ ശരിയായിരിക്കാമെന്നതിൽ, സംഘ്പരിവാറിന്റെ ദുർബുദ്ധി തിരിച്ചറിഞ്ഞവർക്കാർക്കും സംശയമുണ്ടാകില്ല.

ഈ തെരഞ്ഞെടുപ്പിൽ ഇ.വി.എം മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പറുകൾ ഉപയോഗിക്കുവാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാവുകയില്ലെന്നതിൽ സംശയമില്ല. എന്നാൽ അതിനെതിരിലുള്ള ശക്തമായ പ്രതിഷേധം; നടത്താൻ സാധ്യതയുള്ള കൃത്രിമത്വത്തെ പരമാവധി കുറക്കാൻ സഹായകമായേക്കാം. ■

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 53

# വഹ്യിന്റെ മഴയും മസീഹ് വാദവും!

'ഇസാലയേ ഔഹാം' എന്ന ഗ്രന്ഥത്തിൽ വിശുദ്ധ ക്വുർആനിൽ നിന്ന് മുപ്പത് ആയത്തുകൾ ഉദ്ധരിച്ച് ഈസാ നബി(അ) മരിച്ചു എന്ന് തെളിയിക്കാൻ ശ്രമിക്കുകയാണ് അദ്ദേഹം ചെയ്തത്. തന്റെ വാദങ്ങൾക്ക് ആയത്തുകളും ഹദീസുകളും തെളിവായി സമർപ്പിക്കുക എന്ന, ഏത് സാദാ മൗലവിയും ചെയ്യുന്ന അതേ രീതിയാണ് ഇവിടെ വഹ്യ് ലഭിക്കുന്നുവെന്ന് വാദിക്കുന്ന 'പ്രവാചകനും' അവലംബിച്ചിട്ടുള്ളത്!



**1891**ലാണ് രണ്ടാംഘട്ടം തുടങ്ങുന്നത്. 'നീ മസീഹിന്റെ സദൃശനാ'ണെന്ന് വഹ്യ് ലഭിച്ചതായി മിർസാ ഗുലാം അവകാശപ്പെടുന്നു. പക്ഷേ, അദ്ദേഹം വാദിച്ചത് താൻ വാഗ്ദത്തമസീഹാണെന്നാണ്. മുസ്‌ലിംലോകം പ്രതീക്ഷിക്കുന്നത് ഈസാ മസീഹിന്റെ പുനരാഗമനമാണ്. അദ്ദേഹം മരിച്ചുപോയി, തന്നെ അല്ലാഹു പകരക്കാരനായി നിയോഗിച്ചിരിക്കുന്നു എന്നൊക്കെ അദ്ദേഹം പ്രഖ്യാപിച്ചു. ഇതിനുവേണ്ടി എപ്പോഴാണ് വഹ്യ് വന്നത്, അത് ഏതാണ് എന്നൊക്കെ പറയാൻ അദ്ദേഹത്തിനോ അനുയായികൾക്കോ സാധിച്ചിട്ടില്ല.

1900ലാണ് അദ്ദേഹം പ്രവാചകത്വം വാദിച്ചതെന്നും അതിനു മുമ്പ് എഴുതിയ ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ സ്വയം ഇജ്തിഹാദ് ചെയ്തതാണെന്നും അവയിൽനിന്ന് തെളിവുകൾ സ്വീകരിക്കാവതല്ലെന്നും ഖാദിയാനി വിഭാഗം വാദിച്ചു. പക്ഷേ, മിർസാ ഖാദിയാനിയുടെ രചനകളിൽനിന്ന് ഇക്കാര്യം ഖണ്ഡിതമായി തെളിയിക്കാനാവില്ല. 'ഒരു തെറ്റിദ്ധാരണ തിരുത്തൽ' (ഏക് ഗലതീ കാ ഇസാല) എന്ന കൃതിയിലെ വിശദീകരണം വായിച്ചാലും പ്രവാചകത്വവാദത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ നീങ്ങുകയില്ല.

1891 മാർച്ചിലാണ് ഈ വാദം ഉന്നയിക്കുന്നത്. ആ വർഷം ആദ്യമായി അവതരിച്ച വഹ്‌യ്, പിൽക്കാലത്ത് ഒന്നാം ഖലീഫയായ ഹകീം നൂറുദ്ദീന് എഴുതിയ കത്തിൽ പരാമർശിക്കുന്നുണ്ട്: "താങ്കളുടെ ജാമാതാവായ ഫസലുറഹ്മാനെപ്പറ്റി നേരത്തെ തന്നെ നല്ല ചിന്ത മാത്രമാണ് ഈ വിനീതനുള്ളത്. ഒരിക്കൽ അവനെപ്പറ്റി 'അവൻ നേർമാർഗത്തിലാവു'മെന്ന് ഇൽഹാം അവതരിച്ചിട്ടുണ്ട്" (പേജ് 177).

രണ്ടാമത്തേത് ഫെബ്രുവരി 11ന് മൗലവി അബ്ദുൾ ജബ്ബാറിന് എഴുതിയ കത്തിൽ പറയുന്ന വചനമാണ്. 'അല്ലാഹുവിന്റെ വഹ്‌യും ഇൽഹാമും അനുസരിച്ച് ഞാൻ മസീഹിന്റെ സദൃശനാണെന്ന് (മസീലെ മസീഹ്) വാദമുന്നയിച്ചിട്ടുണ്ട്. നേരത്തെ വിശുദ്ധ ക്വുർആനിലും പ്രവാചകവചനങ്ങളിലും എന്നെപ്പറ്റി വിവരം നൽകിയിട്ടുണ്ടെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു." (തുടർന്ന് മറ്റു ചിലരെപ്പറ്റിയുള്ള വഹ്‌യുകൾക്ക് ശേഷം എട്ടാമതായി ഖാദിയാന് ദമാസ്കസുമായുള്ള ബന്ധമെന്തെന്നതിനെപ്പറ്റി തനിക്ക് ലഭിച്ച വെളിപാട് വിശദീകരിക്കുന്നു: "യസീദികൾ അവിടെനിന്ന് പുറത്താക്കപ്പെട്ടു' എന്നാണ് വഹ്‌യ്. പിന്നെ അബൂദാവൂദിന്റെ പുസ്തകത്തിൽ പറഞ്ഞ സമർഖന്ധിൽ നിന്ന് വരുന്ന ഹർറാസ് അഥവാ ഹാരിസും അവസാനകാലത്ത് വരുന്ന മസീഹും യഥാർഥത്തിൽ ഈ വിനീതൻ തന്നെയാകുന്നു" (പേജ് 181-182).

ഗുരുതരമായ രോഗം ബാധിച്ച് നാളെ തന്റെ ജനാസ എടുക്കും എന്നുപോലും തോന്നിപ്പോയ ഒരു ഘട്ടത്തിൽ, താൻ നടത്തിയ പ്രവചനങ്ങൾ പുലരാത്തതിൽ കടുത്ത ആശങ്കയുണ്ടാവുകയും 'ഈ കാര്യം നിന്റെ നാഥനിൽനിന്ന് തന്നെയുള്ള സത്യമാണ്, നീ സംശയിക്കുന്നവരിൽ പെട്ടുപോകരുത്' എന്ന് വഹ് യ് ലഭിക്കുകയും ചെയ്തതായി പറയുന്നു. (പേജ് 188).

1886ൽ മുഹമ്മദീ ബീഗത്തിന്റെ പിതാവ് അഹ്മദ് ബേഗ് മരിക്കുമെന്ന പ്രവചനമാണ് ഉദ്ദേശിക്കുന്ന തെന്ന് അടിക്കുറിപ്പിൽ പറയുന്നുണ്ട്. അടുത്ത വചനംകൂടി കാണുക: "അല്ലാഹു തന്റെ പരിശുദ്ധ വചനങ്ങളിൽ എന്നെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു: 'നാസിരീ നബിയുടെ മാതൃകയിൽ നോക്കുകയാണെങ്കിൽ, മുമ്പൊന്നും ആരും ഒരു ശാരീരിക രോഗത്തിൽനിന്ന് ശുദ്ധീകരിച്ചിട്ടില്ലാത്തത്ര അധികമായി അദ്ദേഹം ദൈവദാസന്മാരെ ശുദ്ധീകരിക്കുകയാണെന്ന് കാണാൻ കഴിയും" (പേജ് 188).

തുടർന്ന് മുഹമ്മദ് നബി(സ)യുടെ റൗദാ ശരീഫിന്റെ അടുത്തായിരിക്കും തന്റെ ക്വബ്റിടം എന്നും പടിഞ്ഞാറ് സൂര്യൻ ഉദിക്കുമെന്നതിന്റെ താൽപര്യം പശ്ചാത്യലോകത്ത് ഇസ്‌ലാമിന്റെ വെളിച്ചമെത്തുകയാണെന്നുമുള്ള സ്വപ്നവ്യാഖ്യാനങ്ങളാണ് നമുക്ക് വായിക്കാനാവുക. (പേജ് 189).

ചുരുക്കത്തിൽ, താൻ അതുവരെ വിശ്വസിച്ചുവന്നതും വിശുദ്ധ ക്വുർആൻ സൂക്തങ്ങളുടെ സാക്ഷ്യത്തോടെ എഴുതിയതും എന്തിനധികം അല്ലാഹുവിൽനിന്ന് വഹ്‌യ് ലഭിച്ചതുമായ കാര്യം; അഥവാ ഈസാനബി(അ) ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും തിരിച്ചുവരുമെന്നുമുള്ള വിശ്വാസം തിരുത്തേണ്ട തരത്തിൽ എന്തെങ്കിലും ഒരു

വഹ്‌യ് ലഭിച്ചതായി 'തദ്കിറ'യിൽ കാണാനാവില്ല.

എന്നാൽ പിൽക്കാലത്ത് എഴുതിയ 'ഹഖീഖത്തുൽ വഹ്‌യി'ൽ മിർസാ ഖാദിയാനി എഴുതി: "ഈസാനബി(അ) ആകാശത്തുനിന്ന് ഇറങ്ങുമെന്ന വിശ്വാസത്തിൽ മുസ്‌ലിംകളിലെ ഒരു വിഭാഗം ആണ്ടു പോയിരുന്നു. എന്റെ വിശ്വാസവും അതായിരുന്നു. അതിനാൽ അല്ലാഹുവിന്റെ വഹ്‌യുകൾ ബാഹ്യാർഥത്തിൽ സ്വീകരിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഞാനവയെ വ്യാഖ്യാനിച്ചു. സാധാരണ മുസ്‌ലിംകളുടെ വിശ്വാസം ഉൾക്കൊണ്ട് അക്കാര്യം 'ബറാഹീനെ അഹ്‌മദിയ്യ'യിൽ പ്രസിദ്ധീകരിച്ചു. എന്നാൽ പിന്നീട് വരാനിരിക്കുന്ന വാഗ്ദത്ത മസീഹ് നീ തന്നെയാണെന്ന് മഴ വർഷിക്കും പോലെ വഹ്‌യ് വന്നു... അവസാന കാലത്ത് വരാനുള്ള മസീഹ് ഞാനാണെന്ന വിശ്വാസത്തിലേക്ക് ഞാൻ പിടിച്ചു വലിക്കപ്പെട്ടു." (പേജ് 149).

ഈ വിഷയവുമായി ബന്ധപ്പെട്ട് 'വഹ്‌യിന്റെ ഒരു ചാറ്റൽമഴ' പോലും 'തദ്കിറ' മുഴുവൻ വായിച്ചാലും നമുക്ക് കാണാനാവില്ല. അതേസമയം ആ വർഷം എഴുതിയ 'ഇസാലയേ ഔഹാം' എന്ന ഗ്രന്ഥത്തിൽ വിശുദ്ധ ഖുർആനിൽ നിന്ന് മുപ്പത് ആയത്തുകൾ ഉദ്ധരിച്ച് ഈസാ നബി(അ) മരിച്ചു എന്ന് തെളിയിക്കാൻ ശ്രമിക്കുകയാണ് അദ്ദേഹം ചെയ്തത്. തന്റെ വാദങ്ങൾക്ക് ആയത്തുകളും ഹദീസുകളും തെളിവായി സമർപ്പിക്കുക എന്ന, ഏത് സാദാ മൗലവിയും ചെയ്യുന്ന അതേ രീതിയാണ് ഇവിടെ വഹ്‌യ് ലഭിക്കുന്നുവെന്ന് വാദിക്കുന്ന 'പ്രവാചകനും' അവലംബിച്ചിട്ടുള്ളത്! 'അല്ലാഹു എനിക്ക് വഹ്‌യ് നൽകിയിരിക്കുന്നു, ഈസാനബി മരിച്ചുപോയി, ഞാൻ നബിയാണ്, എന്നെ വിശ്വസിക്കുക, നിഷേധിക്കുന്നവർ നരകത്തിൽ പോകും' എന്നായിരുന്നില്ലേ പ്രവാചകത്വവാദി പ്രഖ്യാപിക്കേണ്ടിയിരുന്നത്? ആ വാദത്തെ ബലപ്പെടുത്തുന്ന ഒരു രേഖയും നമുക്ക് ഈ സമാഹാരത്തിൽ കാണാൻ സാധിക്കുകയില്ല.

പ്രവാചകത്വവാദിയുടെ ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവിൽ നിസ്സംഗമായ മൗനമാണ് വഹ് യുടെ കാര്യത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്.

### മൂന്നാം ഘട്ടം

1901 മുതൽ 1908ൽ മരിക്കുന്നതുവരെയാണ് മൂന്നാംഘട്ടം. താൻ നബിയാണെന്നും തന്നെ വിശ്വസിക്കാത്തവർ കാഫിറുകളും നരകാവകാശികളുമാണെന്നും പ്രഖ്യാപിക്കുന്നത് ഈ ഘട്ടത്തിലാണ്. പക്ഷേ, ഇത് സംബന്ധമായി ലഭിച്ച ഒരു വഹ്‌യും 'തദ്കിറ'യിൽ കാണാനാവില്ല.

അഹ്‌മദിയ്യാക്കൾ 1914ൽ ഖാദിയാനികളും ലാഹോറികളുമായി നെടുകെ പിളർന്നത് രണ്ടാം ഖലീഫയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടായിരുന്നു. എന്നാൽ പിന്നീട് മിർസാ ഖാദിയാനി പ്രവാചകനാണെന്നും അല്ലെന്നും അദ്ദേഹത്തെ വിശ്വസിക്കാത്തവർ കാഫിറാണെന്നും അല്ലെന്നും തർക്കിച്ചുകൊണ്ട് തങ്ങളുടെ ഭിന്നിപ്പിന് ആദർശാടിത്തറ പാകി.


دنیا میں ایک نبی آیا پر دنیا نے اسے قبول نہ کیا لیکن خدا اسے قبول کریگا۔ اور بڑے زور آور حملوں سے اس کی سچائی ظاہر کر دیگا

وقالوا لست مرسلا قل کفی باللہ شهیدا بینی وبینکم ومن عندہ علم الکتاب (حقیقۃ الوحی صفحہ ۹۱) قل یا ایها الکفار انی من الصادقین صفحہ ۹۲

# ایک غلطی کا ازالہ

جری اللہ فی حلل الانبیاء حضرت میرزا غلام احمد مسیح موعود ومہدی مسعود علیہ وعلی مطاعہ الصلوٰۃ والسلام کا اشتہار

جو

۵۔ نومبر ۱۹۰۱ء کو نکلا تھا۔ اب دوبارہ انجمن انصار اللہ قادیان نے الفضل پریس قادیان میں چھپوا کر شائع کیا

یکم مارچ

نصف آنہ کا ٹکٹ آنے پر سیکرٹری انجمن انصار اللہ قادیان سے مفت ملسکتا ہے

1900 വരെയുള്ള രണ്ടാം ഘട്ടത്തിൽ അവതരിച്ചതെന്നു വാദിക്കുന്ന അറബി സൂക്തങ്ങൾ 785 ആണ്. പക്ഷേ, അവയിൽ പകുതിയിലധികവും നേരത്തെയുള്ളതിന്റെ ആവർത്തനമാണ്. ആ കാലത്തും അദ്ദേഹത്തിന്റെ വാദങ്ങൾ മഹ്ദിയിലും മസീഹിലും ഒതുങ്ങുന്നു. ചെറുതും വലുതുമായി കുറെ അധ്യായങ്ങൾ ഉണ്ടെങ്കിലും അവയ്ക്ക് നാമകരണം ചെയ്തിട്ടില്ല. ഒന്നിലും പ്രത്യേക വിഷയങ്ങളോ ആശയബന്ധമോ വചനശ്രേണിയോ കാണാനാവില്ല. വായിൽ തോന്നിയതൊക്കെ എഴുതിയതാണ് എന്നേ തോന്നൂ.

1900ലാണ് അദ്ദേഹം പ്രവാചകത്വം വാദിച്ചതെന്നും അതിനു മുമ്പ് എഴുതിയ ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ സ്വയം ഇജ്തിഹാദ് ചെയ്തതാണെന്നും അവയിൽനിന്ന് തെളിവുകൾ സ്വീകരിക്കാവതല്ലെന്നും ഖാദിയാനി വിഭാഗം വാദിച്ചു. പക്ഷേ, മിർസാ ഖാദിയാനിയുടെ രചനകളിൽനിന്ന് ഇക്കാര്യം ഖണ്ഡിതമായി തെളിയിക്കാനാവില്ല. 'ഒരു തെറ്റിദ്ധാരണ തിരുത്തൽ' (ഏക് ഗലതീ കാ ഇസാല) എന്ന കൃതിയിലെ വിശദീകരണം വായിച്ചാലും പ്രവാചകത്വവാദത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ നീങ്ങുകയില്ല.

### തദ്കിറയിലെ 'അറബി വഹ്‌യുകൾ'

ഈ മൂന്ന് ഘട്ടങ്ങളിൽ അവതരിച്ചതെന്ന് വാദിക്കുന്ന 'അറബി വഹ്‌യുകൾ' മാത്രമെടുത്ത് ചില കാര്യങ്ങൾ പറയാനുദ്ദേശിക്കുന്നു. 1865 മുതൽ 1880 വരെ കാര്യമായി അറബി വാക്യങ്ങൾ അവതരിച്ചിട്ടില്ല. 1880-84 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച 'ബറാഹീനെ അഹ്‌മദിയ്യ'യിലാണ് കാര്യമായി 'ബഹുഭാഷാ വഹ്‌യുകൾ' രേഖപ്പെടുത്തിയിട്ടുള്ളത്. അവയും മറ്റുള്ളവയും ചേർത്ത് (1890 വരെ) 356 വചനങ്ങൾ അറബിയിൽ കാണാം. അതിൽ 4,5,6,7,9, 14,20,27,47,101,103 സൂക്തങ്ങളുള്ള അധ്യായങ്ങൾ കാണാനാവും. വിശുദ്ധ ഖുർആനിലെ നിരവധി ആയത്തുകൾ അതേപോലെയും ആവശ്യത്തിന് കട്ട് ആന്റ് പേസ്റ്റ് ചെയ്തവയും കാണാവുന്നതാണ്. അതോടൊപ്പം തന്റെ സ്വന്തം വചനങ്ങളുമുണ്ട്!

1900 വരെയുള്ള രണ്ടാം ഘട്ടത്തിൽ അവതരിച്ചതെന്നു വാദിക്കുന്ന അറബി സൂക്തങ്ങൾ 785 ആണ്. പക്ഷേ, അവയിൽ പകുതിയിലധികവും നേരത്തെയുള്ളതിന്റെ ആവർത്തനമാണ്. ആ കാലത്തും അദ്ദേഹത്തിന്റെ വാദങ്ങൾ മഹ്ദിയിലും മസീഹിലും ഒതുങ്ങുന്നു.

1901ന് ശേഷമുള്ള അവസാനഘട്ടത്തിൽ അവതരിച്ചതെന്ന് അവകാശപ്പെടുന്ന 'അറബി വഹ്‌യുകൾ' പഴയതിന്റെ തനിയാവർത്തനമാണ്. ഹഖീഖത്തുൽ വഹ്‌യിൽനിന്നും എടുത്തു ചേർത്ത അറബിവചനങ്ങൾ നേരത്തെ ബറാഹീനിൽ പ്രസിദ്ധീകരിച്ചവ തന്നെയാണ്. ഈ 785 വചനങ്ങളിൽ ചില ഉർദു, പേർഷ്യൻ വചനങ്ങളും ഉൾപ്പെടും. ഏറ്റവും ദീർഘിച്ച സൂക്താവലിയിൽ 337 വചനങ്ങൾ ആണുള്ളത്. 87, 28, 22 എന്നിങ്ങനെയാണ് വലിയ അധ്യായങ്ങളിലെ സൂക്തങ്ങളുടെ എണ്ണം.

ചെറുതും വലുതുമായി കുറെ അധ്യായങ്ങൾ ഉണ്ടെങ്കിലും അവയ്ക്ക് നാമകരണം ചെയ്തിട്ടില്ല. ഒന്നിലും പ്രത്യേക വിഷയങ്ങളോ ആശയബന്ധമോ വചനശ്രേണിയോ കാണാനാവില്ല. വായിൽ തോന്നിയതൊക്കെ എഴുതിയതാണ് എന്നേ തോന്നൂ. നേരത്തെ എടുത്തെഴുതിയവ തന്നെ ഉദാഹരണങ്ങൾ. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

# ഇ.കെ. മൗലവി;
# മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ

മതപണ്ഡിതൻ, പ്രസംഗകൻ, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ, സംഘാടകൻ, ബഹുഭാഷാ വിദഗ്ധൻ, സാമുദായിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ... തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു ഇ.കെ. മൗലവി. മുസ്‌ലിം കൈരളിയുടെ സംഘടിത നവോത്ഥാന നായകരിൽ ആദ്യ സ്ഥാനക്കാരിലൊരാളായ മൗലവിയുടെ സ്മരണകളിലൂടെ.

മുസ്‌ലിം കേരളത്തിന്റെ സംഘടിത നവോത്ഥാന ചരിത്രം ആഴത്തിൽ പരിശോധിക്കുന്ന ഏതൊരാളുടെയും മനോമുകുരത്തിൽ ആദ്യം തെളിഞ്ഞുവരുന്ന പേരുകളിലൊന്ന് ഇ.കെ.മൗലവി എന്ന, ഇല്ലത്തുകണ്ടിയിൽ കുഞ്ഞഹമ്മദ് കുട്ടിയുടെതായിരിക്കും. സംഘടന രൂപീകരിക്കാൻ തെളിവു ചോദിച്ച യാഥാസ്ഥിതിക പണ്ഡിതരുടെ മുമ്പിൽ ഖുർആൻ ആയത്ത് തെളിവായുദ്ധരിച്ച് പ്രബോധനവീഥിയിലെ സംഘശക്തിയുടെ അസ്തിവാരമിട്ട സംഘാടകൻ എന്ന നിലയിൽ ഇ.കെ.മൗലവി എന്നെന്നും ഓർമിക്കപ്പെടും. ഇസ്‌ലാഹി പ്രസ്ഥാനം എന്ന നവോത്ഥാന സംഘം രൂപപ്പെട്ട നാൾവഴികൾക്കു പിന്നിൽ ഇ.കെ.മൗലവിയെന്ന ധിഷണശാലിയുടെ ആസൂത്രണവും സംഘാടനവും നമുക്ക് തെളിഞ്ഞു കാണാൻ കഴിയും.

ആധുനിക കേരളത്തിലെ മുസ്‌ലിം നവോത്ഥാനത്തിന്റെ ശിൽപികളിൽ പ്രമുഖനാണ് പണ്ഡിതശ്രേഷ്ഠനും സാമൂഹ്യ പരിഷ്കർത്താവുമായ മർഹൂം ഇ.കെ. മൗലവി. കേരള മുസ്‌ലിംകളുടെ വ്യതിരിക്തമായ മത-രാഷ്ട്രീയ-വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് ഹേതുവായി മാറുകയും പരിവർത്തനത്തിന്റെ രാജപാതയൊരുക്കുകയും ചെയ്ത



കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രൂപീകരണത്തിലും അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിലും ഏറ്റവും വലിയ ബുദ്ധികേന്ദ്രമായി പ്രവർത്തിച്ചത് ഇ.കെ. മൗലവിയായിരുന്നു. മുസ്‌ലിം കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിക്കപ്പെട്ട ഐക്യസംഘത്തിന്റെ വാർഷിക മഹാസമ്മേളനങ്ങളോരോന്നിന്റെയും മുഖ്യ ആസൂത്രകൻ കൂടിയായിരുന്നു അദ്ദേഹം. സംഘടിത നവോത്ഥാനത്തിന് ധിഷണാപരമായ നേതൃത്വം നൽകി മുസ്‌ലിം കേരളത്തിന്റെ നവോത്ഥാനപ്രക്രിയക്ക് ഊടുംപാവും നൽകുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്.

ആരെയും വിസ്മയിപ്പിക്കുന്ന അദ്ദേഹത്തിന്റെ സംഘാടനവൈഭവം പ്രബോധന പ്രവർത്തനങ്ങൾക്ക് നൽകിയ സംഭാവനകൾ കുറച്ചൊന്നുമായിരുന്നില്ല. കുറിക്ക് കൊള്ളുന്ന വാഗ്ശരങ്ങൾകൊണ്ട് എതിരാളികളെ ഇരുത്താൻ കഴിയുന്ന ഒരു വാഗ്മിയും രചനാവൈഭവംകൊണ്ട് അനുഗൃഹീതനായ തൂലികയുടെ ഉടമയുമായിരുന്നു അദ്ദേഹം. ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ഏതു വിമർശനങ്ങളെയും പ്രതിരോധിക്കുന്നതിൽ ഭാഷാപരമായ അദ്ദേഹത്തിന്റെ കഴിവുകളും അഗാധമായ പാണ്ഡിത്യവും ഏറെ സഹായകമായിരുന്നു. കേരള മുസ്‌ലിം നവോത്ഥാനരംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ ചെയ്ത മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പ്രഗൽഭരായ ശിഷ്യഗണങ്ങളിൽ ഒരാളാണ് ഇ.കെ.മൗലവി സാഹിബ്.

മികച്ച സംഘാടകൻ, മതപണ്ഡിതൻ, പ്രസംഗകൻ, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ, ബഹുഭാഷാ പണ്ഡിതൻ, സാമുദായിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ... തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു ഇ.കെ. മൗലവി. പുതുതലമുറക്ക് പരിചയമില്ലാത്ത ആ മഹാമനീഷിയുടെ ജീവിത ചരിത്രമില്ലാത്ത കേരളത്തിന്റെ നവോത്ഥാന ചരിത്രം അപൂർണമായിരിക്കും എന്നതിൽ സംശയമില്ല. മതപരമായും സാമൂഹികമായും കേരളീയ മുസ്‌ലിം സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെല്ലാം സമൂഹത്തിനകത്തുനിന്നുതന്നെയുള്ള കടുത്ത എതിർപ്പുകൾക്ക് വിധേയമായി. മതപൗരോഹിത്യം അദ്ദേഹത്തെ സത്യനിഷേധിയായും പുത്തൻവാദിയായും മുദ്രകുത്തി. പ്രതിബന്ധങ്ങളുടെയും പ്രയാസങ്ങളുടെയും നീറുന്ന പ്രതലത്തിൽ നിന്നുകൊണ്ടുതന്നെ എത്ര ദുഷ്കരമായ ലക്ഷ്യവും സാധിച്ചെടുക്കാൻ അചഞ്ചലമായ ദൈവികബോധവും ആത്മവിശ്വാസവും സഹായിക്കും എന്നതിന് ഒരു നല്ല ദൃഷ്ടാന്തമാണ് ഈ മഹാന്റെ ജീവിതം. പുതിയ തലമുറക്ക്

പകർത്താൻ ഏറെ പാഠങ്ങളുണ്ട് എന്നതുകൊണ്ടു തന്നെ അദ്ദേഹത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് എന്നും പ്രസക്തിയുണ്ട്.

**ജനനവും ബാല്യവും**

1891ൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ പാനൂരിനടുത്തുള്ള കടവത്തൂർ എന്ന ഗ്രാമത്തിൽ ഇ.കെ മൗലവി ജനിച്ചു. കടവത്തൂരിലെ പുരാതനവും പ്രസിദ്ധവുമായ കരിപ്പാൽ തറവാട്ടിലെ ഇസ്‌ലാമിക പണ്ഡിതനായിരുന്ന കരിപ്പാൽ അബ്ദുല്ല സാഹിബിന്റെയും നാലുകണ്ടി തറവാട്ടിലെ ബിയ്യാത്തുമ്മയുടെയും മകനായാണ് ജനനം. കടവത്തൂരിലെ തലയെടുപ്പും സാമ്പത്തികശേഷിയുമുള്ള കുടുംബമായിരുന്നു കരിപ്പാൽ കുടുംബം. മലബാർ അധിനിവേശത്തിനിടെ തലശ്ശേരിയിൽ തമ്പടിച്ചിരുന്ന ടിപ്പു സുൽത്താന്റെ സൈനിക മേധാവികളുമായി ഈ കുടുംബം ബന്ധം പുലർത്തിയതായി സൂചിപ്പിക്കുന്ന പരാമർശങ്ങൾ ലഭ്യമാണ്. തലശ്ശേരിയിൽനിന്നും കടത്തനാട് (വടകര) ദേശത്തേക്കുള്ള ടിപ്പുവിന്റെ സൈനിക നീക്കത്തിന് ഭൗതികസൗകര്യം ഒരുക്കിക്കൊടുക്കുന്നതിൽ ഈ കുടുംബം പങ്കുവഹിച്ചിരുന്നു എന്നതാണ് ചരിത്രം. കരിപ്പാൽ തറവാട്ടു പറമ്പിലെ 'പട്ടാണിഖണ്ഡം' എന്ന പേരിലുള്ള ഭാഗം[1] ഈ വസ്തുതയെ അംഗീകരിക്കുന്നു. ഇ.കെ.മൗലവിയുടെ മാതാവാകട്ടെ, നിരവധി പണ്ഡിതന്മാർക്ക് ജന്മം നൽകിയ നാലുകണ്ടി കുടുംബാംഗമായിരുന്നു. അദ്ദേഹത്തിന്റെ അമ്മാവനും പ്രഥമ ഗുരുനാഥനുമായിരുന്ന നാലുകണ്ടിയിൽ മൊയ്തീൻകുട്ടി മുസ്ല്യാർ നാട്ടിലും സമീപ പ്രദേശങ്ങളിലുമെല്ലാം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന പണ്ഡിതനായിരുന്നു. പിൽക്കാലത്തും ഈ കുടുംബത്തിൽ ഒട്ടുവളരെ പണ്ഡിതന്മാർ ജന്മംകൊണ്ടിട്ടുണ്ട്.

കാൽ നൂറ്റാണ്ടുകാലം കേരള ജംഇയ്യത്തുൽ ഉലമയുടെ സെക്രട്ടറിയായിരുന്ന കെ.എൻ.ഇബ്റാഹീം മൗലവിയുടെ പിതാവ് പറമ്പത്ത് കുഞ്ഞഹമ്മദ് മുസ്ല്യാർ, നാമത്ത് മൂസ മുസ്ല്യാർ, പറമ്പത്ത് മൂസ മുസ്ല്യാർ, കടവത്തൂർ മസ്ജിദുൽ അൻസാർ ഖത്വീബായി ദീർഘകാലം സേവനമനുഷ്ഠിച്ച എടപ്പാറ കുഞ്ഞഹമ്മദ് മൗലവി, പീറ്റക്കണ്ടി അബ്ദുല്ല മൗലവി (ശാന്തപുരം) തുടങ്ങിയവരെല്ലാം നാലുകണ്ടി കുടുംബം സമ്മാനിച്ച പണ്ഡിത ശ്രേഷ്ഠരാണ്.[2] ബാല്യകാലത്ത് ഭൗതികവിദ്യാഭ്യാസം സമ്പാദിക്കുവാനുള്ള സൗഭാഗ്യം മൗലവിക്കു ലഭിച്ചിരുന്നില്ല. അന്നത്തെ നാട്ടുരീതിയനുസരിച്ച് മതവിദ്യാഭ്യാസത്തിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. അപ്രകാരം മൗലവിയും നന്നെ ചെറുപ്പത്തിൽതന്നെ പള്ളിദർസിലേക്ക് നയിക്കപ്പെട്ടു. ജന്മനാടായ കടവത്തൂരിൽ അമ്മാവനായ നാലുകണ്ടിയിൽ മൊയ്തീൻകുട്ടി മുസ്ല്യാർ സ്വദേശത്ത് നടത്തിയിരുന്ന പള്ളിദർസിലായിരുന്നു പ്രാഥമിക മതപഠനം. അമ്മാവന്റെ പുത്രൻ പറമ്പത്ത് കുഞ്ഞമ്മദ് മൗലവിയായിരുന്നു(കെ.എൻ.ഇബ്റാഹീം മൗലവിയുടെ പിതാവ്) പഠനകാലത്തെ കൂട്ടുകാരൻ. ചെറുപ്പത്തിൽതന്നെ അതിരറ്റ വിജ്ഞാനദാഹികളും ബുദ്ധിമാൻമാരുമായിരുന്നു ഇരുവരും. ഗുരുനാഥനും അമ്മാവനുമായ മൊയ്തീൻകുട്ടി മുസ്ല്യാരുടെ കർക്കശമായ നിയന്ത്രണങ്ങൾ അസഹ്യമായി തോന്നിയ ഇരുവരും ആ പള്ളിദർസ് ഉപേക്ഷിച്ച് പുതിയ പഠനകേന്ദ്രങ്ങൾ തേടി പുറപ്പെട്ടു. കടവത്തൂരിലെ ദർസിൽനിന്ന് കൊളവല്ലൂരിലെ ദർസിലേക്കും അവിടെനിന്ന് പിന്നീട് പാനൂരിലെ ദർസിലേക്കും അവർ സ്ഥലം മാറുകയുണ്ടായി.[3] സമുദായ പരിഷ്കർത്താവായിരുന്ന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ നിർദേശ പ്രകാരം നേരത്തെ പാനൂരിലെത്തിയിരുന്ന ശിഷ്യൻ ഖുത്വുബി മുഹമ്മദ് മുസ്ല്യാരായിരുന്നു അവിടുത്തെ ഒന്നാം മുദർരിസ്.

> ആരെയും വിസ്മയിപ്പിക്കുന്ന അദ്ദേഹത്തിന്റെ സംഘാടനവൈഭവം പ്രബോധന പ്രവർത്തനങ്ങൾക്ക് നൽകിയ സംഭാവനകൾ കുറച്ചൊന്നുമായിരുന്നില്ല. കുറിക്ക് കൊള്ളുന്ന വാഗ്ശരങ്ങൾകൊണ്ട് എതിരാളികളെ ഇരുത്താൻ കഴിയുന്ന ഒരു വാഗ്മിയും രചനാവൈഭവം കൊണ്ട് അനുഗൃഹീതനായ തൂലികയുടെ ഉടമയുമായിരുന്നു അദ്ദേഹം. ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ഏതു വിമർശനങ്ങളെയും പ്രതിരോധിക്കുന്നതിൽ ഭാഷാപരമായ അദ്ദേഹത്തിന്റെ കഴിവുകളും അഗാധമായ പാണ്ഡിത്യവും ഏറെ സഹായകമായിരുന്നു.

മൗലവിയുടെ പാനൂർ ദർസിലെ പഠനകാലം അതി

റ്റ വിജ്ഞാനതൃഷ്ണയുടെ കാലമായിരുന്നു. മൗലവി സാഹിബ് തന്റെ മരണംവരെ നിലനിർത്തിപ്പോന്ന പത്രപാരായണം എന്ന ശീലം ദിനചര്യയാക്കി മാറ്റിയത് ഇക്കാലത്താണ്. മലയാള ഭാഷാപഠനത്തെയും ഇംഗ്ലീഷ് പഠനത്തെയും പണ്ഡിതന്മാർ തന്നെ നിരുത്സാഹപ്പെടുത്തിയ കാലമായിരുന്നു അത്. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നും മലയാളം (ആര്യനെഴുത്ത്) ഹിന്ദുവിന്റെ ഭാഷയാണെന്നും അതിനാൽ അവരണ്ടും പഠിക്കൽ നിഷിദ്ധമാണെന്നും അക്കാലത്തെ മതപൗരോഹിത്യം പ്രചരിപ്പിച്ചിരുന്നു. സമുദായത്തെ ചൂഷണം ചെയ്ത് ജീവിച്ച പൗരോഹിത്യം സാധാരണക്കാർ വൈജ്ഞാനികമായി പുരോഗതി പ്രാപിക്കുന്നതിനെ ഭയപ്പെട്ടിരുന്നു എന്നതാണിതിനു കാരണം. സമുദായത്തെ അജ്ഞതയിലും അന്ധകാരത്തിലും തളച്ചിടാൻ പണ്ഡിതനേതൃത്വം ആവുന്നതും ശ്രമിച്ചു. എന്തിനധികം, ശുദ്ധമലയാളം സംസാരിക്കുന്നതുപോലും വിലക്കപ്പെട്ട കാലമായിരുന്നു അത്. മലയാളഭാഷ തന്നെ വികലമാക്കിയാണ് സംസാരിച്ചുവന്നിരുന്നത്.

പത്രപാരായണം മുസ്‌ലിംകൾക്ക് പൊതുവിലും ദർസ് വിദ്യാർഥികൾക്ക് പ്രത്യേകിച്ചും നിഷിദ്ധമായാണ് കണക്കാക്കിയിരുന്നത്. 'ന്യൂസ്‌വായന' എന്നാൽ 'നൊസ്സ് വായന' (ഭ്രാന്ത്) എന്ന് പരിഹസിച്ചാണ് പത്രപാരായണം നിഷിദ്ധമായി പ്രചരിപ്പിക്കപ്പെട്ടിരുന്നത്. പള്ളിയിൽ വെച്ചുള്ള പത്രപാരായണം ഒട്ടും അനുവദിച്ചിരുന്നില്ല. ഈ നിയമം പാനൂരിലെ ദർസിൽ കർശനമായി പാലിക്കപ്പെടുകയും ചെയ്തിരുന്നു. അതുകാരണം വിജ്ഞാനദാഹിയായിരുന്ന ഇ.കെ.മൗലവി ഒളിച്ചും പാത്തുമാണ് പത്രങ്ങൾ വായിച്ചിരുന്നത്. ആരും കാണാതെ കുടയുടെ ഉള്ളിൽ വെച്ച്, പള്ളിക്കാട്ടിൽ പോയി ഒളിച്ചിരുന്നാണ് മാതൃഭൂമിയൊക്കെ വായിച്ചിരുന്നതെന്ന് മൗലവി അനുഭവക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. മരണംവരെ പത്രപാരായണശീലം നിലനിർത്താൻ ഈ അനുഭവങ്ങൾ ഇ.കെ.മൗലവിയെ സഹായിച്ചു. ഒരു പോലീസ് സബ്ഇൻസ്‌പെക്ടറുമായി സൗഹൃദം സ്ഥാപിക്കാനും പോലീസ് സ്റ്റേഷനിൽ എപ്പോഴും കയറിയിറങ്ങാനും നാട്ടുകാരുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം കൈവരിക്കാനും മൗലവി സാഹിബിന്റെ പത്രപാരായണം കാരണമായതായതായി അദ്ദേഹത്തിന്റെ പുത്രീഭർത്താവ് സി.എച്ച്. കുഞ്ഞിമൂസ മാസ്റ്റർ വിവരിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്: "...ഒരിക്കൽ പ്രസ്തുത സബ് ഇൻസ്‌പെക്ടർ വരുമ്പോൾ ഒരു പത്രവും കൈയിൽ പിടിച്ചുകൊണ്ട് മൗലവി സാഹിബ് എതിരെ വരുന്നത് കണ്ടു. ആരോടും മിണ്ടാത്ത ഭാവത്തിൽ നടക്കുന്ന സബ് ഇൻസ്‌പെക്ടർ മൗലവിയെ കണ്ടപ്പോൾ അവിടെ നിന്നു. മൗലവി സാഹിബിന്റെ കൈയിൽനിന്നു പത്രം വാങ്ങി നോക്കി. ഈ പത്രം ഞാൻ വായിച്ചു തിരിച്ചുതരാമെന്നു പറഞ്ഞു വാങ്ങി കൊണ്ടുപോയി. പിന്നീട് പതിവായി മൗലവിയുടെ അടുക്കൽ പോലീസുകാരെ അയച്ച്, പ്രസ്തുത ഉദ്യോഗസ്ഥൻ പത്രങ്ങൾ വാങ്ങി കൊണ്ടുപോയി വായിക്കാറുണ്ടായിരുന്നു. അതുവഴി ആ ഉദ്യാഗസ്ഥൻ മൗലവിയുടെ അടുത്ത സുഹൃത്തായി മാറി. അങ്ങനെ ആർക്കും അടുത്തുകൂടാൻ പറ്റാത്ത ആ പോലീസ് ഉദ്യാഗസ്ഥനെ സമീപിക്കാൻ പാനൂർക്കാർക്ക് മൗലവിയുടെ സഹായം ആവശ്യമായിവന്നു."[4]



വിജ്ഞാനസമ്പാദനത്തിൽ നിന്നും മതമേലാളൻമാർ സമൂഹത്തെ വിലക്കിയ ആ കാലഘട്ടത്തിലാണ് ഇ.കെ.മൗലവി തന്റെ അക്ഷരവിപ്ലവം ആരംഭിക്കുന്നത്. മതരംഗത്തെ ജീർണതകൾ നീക്കി നവീകരണം നടത്താനുള്ള ചിന്തകൾ മൗലവി സാഹിബിൽ മൗലികതാൽപര്യമായി വളർന്നുവന്നത് പാനൂരിലെ പഠനകാലത്താണ്. അക്കാലത്തുതന്നെ സ്വപരിശ്രമത്താൽ മലയാളവും ഇംഗ്ലീഷും പഠിക്കാൻ മൗലവിക്ക് കഴിഞ്ഞിരുന്നു.

ഖുത്വുബി മുഹമ്മദ് മുസ്‌ല്യാരുടെ ശിഷ്യനായി മതവിദ്യാഭ്യാസം നേടാൻ അവസരം ലഭിച്ചതാണ് സലഫീ വീക്ഷണത്തിലേക്ക് കടന്നുചെല്ലാൻ ഇ.കെ.മൗലവിയെ സഹായിച്ചത്. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയോടൊപ്പം പല പ്രദേശങ്ങളിലും സഹവസിക്കുകയും വിദ്യാഭ്യാസം നേടുകയും ചെയ്ത നല്ല ഒരു പണ്ഡിതനായിരുന്നു ഖുതുബി മുഹമ്മദ് മുസ്‌ല്യാർ. തിരൂരങ്ങാടി തറമ്മൽ പള്ളിദർസിൽ ചാലിലകത്ത് കു

ഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യനായി പഠനം തുടങ്ങിയ ഖുതുബി മുഹമ്മദ് മുസ്ല്യാർ, പിന്നീട് കുഞ്ഞഹമ്മദ് ഹാജി പുളിക്കലേക്ക് മാറിയപ്പോൾ ഗുരുവിനെ പിന്തുടർന്നു. ഖിബ്‌ല വിവാദത്തെത്തുടർന്ന് ചാലിലകത്ത് വാഴക്കാട്ടെത്തിയപ്പോൾ ഖുതുബി മുഹമ്മദ് മുസ്ല്യാരും ചാലിലകത്തിനൊപ്പം ശിഷ്യനായി കൂടെയുണ്ടായിരുന്നു. അവിടെ വിദ്യാർഥിയായി മൂന്നുകൊല്ലത്തോളം താമസിച്ച ശേഷം ഉസ്താദിന്റെ ആവശ്യപ്രകാരം ഖുതുബി മുഹമ്മദ് മുസ്ല്യാർ പാനൂരിൽ ദർസ് ആരംഭിച്ചു. പാനൂർ ദർസിൽ ഖുതുബി മുഹമ്മദ് മുസ്ല്യാരുടെ ഏറ്റവും അടുത്ത ശിഷ്യനായിരുന്നു ഇ.കെ.മൗലവി. എവിടെ യാത്രചെയ്യുമ്പോഴും ഖുതുബി ശിഷ്യനെ കൂടെ കൂട്ടുമായിരുന്നു.

ഒരിക്കൽ കടവത്തൂർ ഭാഗത്തു നിന്നും പാലത്തായി വഴി ഗുരുവും ശിഷ്യനും പാനൂരിലേക്ക് പോകുകയായിരുന്നു. കാൽനടയായിട്ടായിരുന്നു യാത്ര. ഗുരു മുന്നിലും ശിഷ്യൻ പിന്നിലുമായി അവർ യാത്ര തുടർന്നു. യാത്രക്കിടയിൽ ശിഷ്യൻ ചില ദിക്റുകൾ ചൊല്ലിക്കൊണ്ടിരുന്നു. ഇത് ഗുരുവിന്റെ ശ്രദ്ധയിൽ പെട്ടു. ഉടനെ ഖുതുബി അൽപം ദേഷ്യത്തോടെ താൻ ഉരുവിട്ടുകൊണ്ടിരിക്കുന്ന ദിക്റുകൾ ഏതാണെന്ന് ശിഷ്യനോട് ചോദിച്ചു. ശിഷ്യൻ അത് പറഞ്ഞുകൊടുത്തപ്പോൾ എവിടെനിന്നാണ് നിനക്കിത് കിട്ടിയത് എന്നും ഏത് ഹദീസിന്റെ അടിസ്ഥാനത്തിലാണ് നീ ഇത് ചൊല്ലുന്നത് എന്നും ക്ഷോഭിച്ചുകൊണ്ട് ഖുതുബി ചോദിച്ചു. ഏതു പ്രവൃത്തി ചെയ്യുമ്പോഴും അതിന്റെ ആധികാരകതയെക്കുറിച്ച് മനസ്സിലാക്കണമെന്നും പ്രമാണങ്ങളുടെ അടിസ്ഥാനമുണ്ടാകണമെന്നും ഖുതുബി, ഇ.കെ.മൗലവിയായി പിന്നീട് അറിയപ്പെട്ട ആ ശിഷ്യനെ ബോധ്യപ്പെടുത്തി. ഖുതുബിയുടെ ആ ഉപദേശം ആ ശിഷ്യനിൽ മാറ്റങ്ങളുണ്ടാക്കി. നാട്ടിൽ നടക്കുന്ന ആചാരങ്ങളല്ല മതമെന്നും പ്രവാചകചര്യയുടെ അടിസ്ഥാനത്തിലേ ദീൻ തീരുമാനിക്കാവൂ എന്നും ഖുതുബിയിൽ നിന്നും ലഭിച്ച പാഠം ആ ശിഷ്യന് തെറ്റുകൾ തിരുത്താനും ഏതു പ്രവർത്തനത്തിന്റെയും അടിസ്ഥാനം പ്രവാചകചര്യയായിരിക്കണമെന്ന ആശയം സ്വായത്തമാക്കാനും സഹായിച്ചു. ആ പഠനവും ചിന്തയുമാണ് തന്റെ ഇസ്‌ലാഹി പ്രവേശനത്തിന് കാരണമായതെന്ന് ഇ.കെ.മൗലവി പലരോടും പറയുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു.(5)

ഏതു പ്രദേശത്തു ചെന്നാലും ആ പ്രദേശത്തെ മുസ്‌ലിം കുടുംബങ്ങളെക്കുറിച്ച് പഠിക്കുക എന്നത് ഇ.കെ.മൗലവിയുടെ ഒരു സവിശേഷഗുണമാണ്. പാനൂർ ദർസിൽ പഠിച്ചുകൊണ്ടിരിക്കെ ആ മഹല്ലിലും പരിസര പ്രദേശങ്ങളിലുമുള്ള മുസ്‌ലിം കുടുംബങ്ങളുടെ ചരിത്രം മനസ്സിലാക്കാൻ ഇ.കെ.മൗലവി ശ്രമിച്ചിരുന്നു. റമദാനിലും അല്ലാത്ത കാലത്തും മത

> നാട്ടിൽ നടക്കുന്ന ആചാരങ്ങളല്ല മതമെന്നും പ്രവാചകചര്യയുടെ അടിസ്ഥാനത്തിലേ ദീൻ തീരുമാനിക്കാവൂ എന്നും ഖുതുബിയിൽ നിന്നും ലഭിച്ച പാഠം ആ ശിഷ്യന് തെറ്റുകൾ തിരുത്താനും ഏതു പ്രവർത്തനത്തിന്റെയും അടിസ്ഥാനം പ്രവാചകചര്യയായിരിക്കണമെന്ന ആശയം സ്വായത്തമാക്കാനും സഹായിച്ചു. ആ പഠനവും ചിന്തയുമാണ് തന്റെ ഇസ്‌ലാഹി പ്രവേശനത്തിന് കാരണമായതെന്ന് ഇ.കെ.മൗലവി പലരോടും പറയുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു.

പ്രഭാഷണങ്ങൾക്ക് പോകുന്ന വേളകളാണ് അദ്ദേഹം ഇതിനായി ഉപയോഗപ്പെടുത്തിയിരുന്നത്. കുടുംബചരിത്രവും കുടുംബ പരമ്പരയുമൊക്കെ അറിയാനായി പാനൂരിലും ചുറ്റുപാടിലുമുള്ളവർ പലപ്പോഴും മൗലവിയെ വന്നു കാണാറുണ്ട്. പ്രമുഖ പണ്ഡിതനും കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക നേതാവുമായിരുന്ന പാനൂർ സ്വദേശി ടി.കെ.മൗലവി അദ്ദേഹത്തിന്റെ കുടുംബചരിത്രം മനസ്സിലാക്കിയത് ഇ.കെ.മൗലവിയിൽനിന്നാണന്ന് പറയാറുണ്ട്. അതുപോലെ ഒരു പ്രദേശത്തെത്തിയാൽ ആ പ്രദേശത്ത് ജീവിക്കുകയും മരണപ്പെട്ടുപോകുകയും ചെയ്ത പരിഷ്കരണ ചിന്തയുള്ളവരെക്കുറിച്ച് മനസ്സിലാക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ശിർക്ക്-ബിദ്അത്തുകൾക്കെതിരെ ശബ്ദിക്കുകയും ജനങ്ങളെ ശരിയായ മാർഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നവരെ പോയി സന്ദർശിക്കുന്നതും ഇ.കെ.മൗലവിയുടെ പതിവായിരുന്നു. ആദർശബോധമുള്ളവരെ അദ്ദേഹം അഗാധമായി സ്നേഹിക്കുകയും ആ ബന്ധം നി

ലനിർത്താൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. തന്റെ പാനൂർ പഠന കാലത്ത് സ്വദേശമായ കടവത്തൂർ ഉൾപ്പെടെയുള്ള പാനൂരിന്റെ പരിസരപ്രദേശങ്ങളിലുള്ള പുരോഗമന നിലപാടുള്ളവരെ സന്ദർശിക്കാനും അവരെയും പണ്ഡിതന്മാരെയും ഉൾപ്പെടുത്തി ചെറുസംഘങ്ങൾ രൂപീകരിക്കാനും അദ്ദേഹം നേതൃത്വം കൊടുത്തിരുന്നു. അനാചാരങ്ങൾക്കെതിരെ സന്ധിയില്ലാസമരം നടത്തിയ കരേക്കാട്ട് കുഞ്ഞിപ്പോക്കു മുസ്‌ല്യാരെ സന്ദർശിച്ച കാര്യം അദ്ദേഹം എഴുതിയിട്ടുണ്ട്. മഖ്ദി തങ്ങളെക്കുറിച്ചും കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന അബ്ദുൽ കരീം സാഹിബിനെക്കുറിച്ചും വിശദീകരിച്ചതിനുശേഷം ഇ.കെ.മൗലവി കുഞ്ഞിപ്പോക്കു മുസ്‌ല്യാരെക്കുറിച്ച് എഴുതിയതിങ്ങനെയാണ്:

"ഏതാണ്ട് അക്കാലത്തുതന്നെ മലബാറിലും ബിദ്അത്തുകളെ എതിർക്കുന്ന പല മഹാന്മാരും ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ കരേക്കാട്ട് കുഞ്ഞിപ്പോക്കു മുസ്‌ല്യാരുടെ പേര് പ്രത്യേകം പ്രസ്താവ്യമാണ്. കാരണം അദ്ദേഹം കാര്യം തുറന്നുപറയുന്ന ഒരു ധീരപുരുഷനായിരുന്നു. തന്മൂലം അദ്ദേഹത്തിനു വളരെയധികം മർദനങ്ങൾ സഹിക്കേണ്ടതായിവന്നിട്ടുണ്ട്. മലപ്പുറം നേർച്ചയെപ്പറ്റി ആരെങ്കിലും എതിരു പറഞ്ഞാൽ അവന്റെ തലയെടുക്കണമെന്നായിരുന്നു അന്നത്തെ നിശ്ചയം. കുഞ്ഞിപ്പോക്കു മുസ്‌ല്യാരാവട്ടെ മലപ്പുറം നേർച്ചയെ ശക്തമായി എതിർത്ത ആളാണ്. അതിനെപ്പറ്റി എനിക്കു കിട്ടിയ ഒരു റിപ്പോർ ട്ടിന്റെ ചുരുക്കം ഇവിടെ ഉദ്ധരിക്കാം: മലപ്പുറം നേർച്ചക്കു മുമ്പായി 'തോലിടുക' എന്നൊരു സമ്പ്രദായമുണ്ട്. അതായത് കൊട്ടു തുടങ്ങുക. ഖാദിയും കാരണവന്മാരും ഒത്തുചേർന്ന് ജുമുഅഃ നമസ്കാരത്തിനു ശേഷമാണ് ഈ ചടങ്ങ് ആരംഭിക്കുക പതിവ്. ജുമുഅഃ കഴിഞ്ഞയുടനെ കുഞ്ഞിപ്പോക്കു മുസ്‌ല്യാർ നേർച്ചയെ എതിർത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. അതു കേട്ട് ക്ഷുഭിതരായ ജനങ്ങൾ അദ്ദേഹത്തെ പള്ളിയിൽനിന്നു പിടിച്ചു പുറത്താക്കി. മുസ്‌ല്യാർ അവർകൾ നേരെ ശുഹദാക്കളുടെ ജാറത്തിന്റെ അടുത്ത് വന്ന് ഏതാണ്ട് ഇങ്ങനെ പറഞ്ഞു: 'ശുഹദാക്കളേ, നിങ്ങൾക്ക് കറാമത്തുണ്ടെങ്കിൽ ഇപ്പോഴല്ലേ കാണേണ്ടത്? ദീനുൽ ഇസ്‌ലാമിനു വിരുദ്ധമായ ഈ തോന്ന്യാസങ്ങൾ നിങ്ങളുടെ മുമ്പിൽ വെച്ച് നടക്കുന്ന ഈ അവസരത്തിലല്ലേ നിങ്ങൾ കറാമത്ത് ഉണ്ടെങ്കിൽ അത് കാണിക്കേണ്ടത്?' ഇതു കേട്ട് കോപാന്ധരായ ജനങ്ങൾ അദ്ദേഹത്തെ കണക്കിനു പ്രഹരിച്ച് ഓടിച്ചുകളഞ്ഞു. ഇങ്ങനെ മർദനങ്ങൾ അനുഭവിച്ച പലരെയും കണ്ടേക്കാം. 1931ൽ കോടൂരിലുള്ള തന്റെ പള്ളിയിൽ വെച്ച് ഞാനും ചില സ്നേഹിതന്മാരും അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. അന്ന് അദ്ദേഹം ഞങ്ങളോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ ആഗമനം എന്നെ ആവേശംകൊള്ളിക്കുന്നു. ഞാൻ ഒറ്റക്കു ചെയ്തുവരുന്ന ജോലി നിങ്ങളെപ്പോലുള്ളവർ സംഘടിച്ചു ചെയ്തുവരുന്നതായി കാണുന്നതിൽ എനിക്ക് അളവറ്റ സന്തോഷമുണ്ട്. എന്തു ദുരിതങ്ങൾ സഹിച്ചാലും നിങ്ങൾ മുമ്പോട്ടുവെച്ച കാൽ പിന്നോട്ട് വലിക്കരുത്."(6)

1920കളിൽ കുഞ്ഞിപ്പോക്കു മുസ്‌ല്യാർ മലപ്പുറം നേർച്ചയെ ശക്തമായി വിമർശിച്ചുവെങ്കിലും ആ നേർച്ച നിർത്തിവെക്കപ്പെട്ടത് പിന്നെയും അമ്പതോ അറുപതോ വർഷങ്ങൾ കഴിഞ്ഞാണ്. അതിനെതിരെയുള്ള സമരത്തിന്റെ തുടക്കക്കാരൻ എന്ന നിലയിൽ കുഞ്ഞിപ്പോക്കു മുസ്‌ല്യാരെയും ആ സമരത്തിന് പിന്തുണ നൽകിയ ഇ.കെ.മൗലവിയെയും നവോത്ഥാന കേരളത്തിന് വിസ്മരിക്കാനാവില്ല. ഇതു പോലെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും നേതൃത്വം നൽകുകയും ചെയ്ത ഒട്ടേറെയാളുകളുമായി ഇ.കെ.മൗലവി ആദർശബന്ധം പുലർത്തിയിരുന്നതായി കാണാം. 19ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും പരപ്പനങ്ങാടിയിൽ നവോത്ഥാന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും തന്റെ പുരയിടത്തിൽ പുരോഗമനാശയക്കാർക്കു വേണ്ടി ഒരു പള്ളി പണിയുകയും ചെയ്ത പുതിയ ഒറ്റയിൽ കോമുക്കുട്ടി സാഹിബുമായി ഇ.കെ.മൗലവി സാഹിബ് പുലർത്തിയ ശക്തമായ ആത്മബന്ധം മറ്റൊരുദാഹരണമാണ്. കോമുക്കുട്ടി സാഹിബിന്റെ ജീവചരിത്രം വിശദീകരിച്ചുകൊണ്ട് പരപ്പനങ്ങാടിയിൽ പ്രസിദ്ധീകരിക്കപ്പെട്ട കൊച്ചുകൃതിയിൽ ഇപ്രകാരം എഴുതിയത് കാണാം:

"സാമൂഹിക പരിഷ്കർത്താക്കളിൽ പ്രമുഖനായിരുന്ന ഇ.കെ. മൗലവി തന്റെ യാത്രാമധ്യേ പരപ്പനങ്ങാടിയിൽ എത്തുമ്പോഴെല്ലാം പീടികക്കലെ പുരയിൽ വന്ന് കോമുക്കുട്ടി സാഹിബിനെ കാണാതെയും അദ്ദേഹത്തിന്റെ ഊഷ്മളമായ സ്വീകരണം ഏറ്റുവാങ്ങാതെയും തിരിച്ചുപോകാറില്ല."

കോമുക്കുട്ടി സാഹിബിന്റെ പൗത്രനും ഇ.കെ.മൗലവിയുടെ ശിഷ്യനുമായ തിരൂരങ്ങാടിയിലെ പി.ഒ.ഹംസ അക്കാര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

"കേരള മുസ്‌ലിം നവോത്ഥാന നായകരിൽ ഒരാളായ ഇ.കെ മൗലവി സാഹിബ് കോമുക്കുട്ടി സാഹിബിന്റെ പ്രവർത്തനങ്ങളിൽ അതീവതൽപരനായി അദ്ദേഹവുമായി ആത്മീയബന്ധം പുലർത്തിയിരുന്നു. തലശ്ശേരിയിൽനിന്നു കൊടുങ്ങല്ലൂരിലേക്കുള്ള തന്റെ യാത്രാമധ്യേ പലപ്പോഴും അദ്ദേഹം പരപ്പനങ്ങാടിയിലിറങ്ങി കോമുക്കുട്ടി സാഹിബിനെ സന്ദർശിക്കുകയും പ്രദേശവാസികളുമായി ബന്ധം പുലർത്തുകയും ചെയ്തി

രുന്നു. ഈ അവസ്ഥയും പരപ്പനങ്ങാടി നിവാസികൾക്ക് ഇസ്‌ലാഹീ ആദർശങ്ങൾ നെഞ്ചേറ്റുന്നതിനുള്ള ആവേശം നൽകി. കോമുക്കുട്ടി സാഹിബുമായുള്ള ഇ.കെ മൗലവിയുടെ ഈ ബന്ധം തന്നെയാണ് പിൽകാലത്ത് തന്റെ പൗത്രി ഇ.കെ ആയിശയെ കോമുക്കുട്ടി സാഹിബിന്റെ പൗത്രനായ ഈ ലേഖകന് വിവാഹം ചെയ്ത് കൊടുക്കുന്നതിന് നിമിത്തമായത്.”

ഈ രൂപത്തിൽ, കേരളത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ ഒറ്റയും തെറ്റയുമായി പുരോഗമനാശയക്കാർ പ്രവർത്തിക്കുന്നുണ്ടോ, അവരുമായെല്ലാം ആത്മബന്ധം സ്ഥാപിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഇസ്‌ലാഹീ പ്രസ്ഥാനം കേരളത്തിൽ പടർന്നുപന്തലിക്കുകയും അതിന്റെ ആദർശം നാടൊട്ടുക്കും വ്യാപിക്കുകയും ചെയ്തതിനു പിന്നിൽ ഇത്തരം സൗഹൃദങ്ങൾ അളവറ്റ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് കാണാൻ കഴിയും.

### ഇ.കെ.മൗലവിയും ചാലിലകത്തും

വാഴക്കാട് ദാറുൽ ഉലൂമിലെ പ്രധാനാധ്യാപകനായിരുന്ന ചാലിലകത്തിന്റെ മതവിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ഖുതുബി മുഹമ്മദ് മുസ്‌ല്യാരിൽനിന്നാണ് ഇ.കെ.മൗലവി കേട്ടറിയുന്നത്. അറിവിനോടുള്ള അദമ്യമായ താൽപര്യവും സാമൂഹ്യപരിഷ്കരണത്തെക്കുറിച്ച് ആഴത്തിലുള്ള ബോധവും ചെറുപ്പകാലത്തുതന്നെ മനസ്സിൽ കാത്തുസൂക്ഷിക്കുകയായിരുന്ന മൗലവി പിന്നെ ഒട്ടും കാത്തുനിന്നില്ല; കൂട്ടുകാരൻ കുഞ്ഞഹമ്മദ് മൗലവിയെയും കൂട്ടി പാനൂരിൽനിന്ന് വാഴക്കാട്ടേക്ക് തിരിച്ചു.1909ലായിരുന്നു ഈ സംഭവം. ചാലിലകത്തിന്റെ ശിഷ്യത്വം സ്വീകരിക്കാനായി ഇ.കെ.മൗലവി ദാറുൽ ഉലൂമിൽ എത്തിച്ചേർന്ന അതേദിവസം തന്നെ രാവിലെ മറ്റൊരു വിദ്യാർഥി കൂടി അവിടെയെത്തിയിരുന്നു. പിൽക്കാലത്ത് ഇ.കെ. മൗലവിയുടെ സന്തതസഹചാരിയായി മാറിയ കെ.എം. മൗലവിയായിരുന്നു അത്. ഇ.കെ.മൗലവിയെക്കുറിച്ച് പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ ഗുരുവായ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെയും അദ്ദേഹത്തിന്റെ മതവിദ്യാഭ്യാസ പ്രവർത്തനങ്ങളെയും പരാമർശിക്കാതെ പോകുന്നത് അനുചിതമായിരിക്കും. അദ്ദേഹത്തെക്കുറിച്ച് ഇ.കെ.മൗലവി പറയുന്നത് ഇങ്ങനെയാണ്:

“കേരളത്തെ സംബന്ധിച്ചിടത്തോളം മതപരമായ വിദ്യാഭ്യാസ പദ്ധതിയിൽ വിപ്ലവകരമായ പരിവർത്തനത്തിന് ബീജാവാപം ചെയ്ത ഒരു പരിഷ്കർത്താവാണ് പരേതനായ മൗലാനാ കുഞ്ഞഹമ്മദ് ഹാജി. ഉദ്ദേശം അരനൂറ്റാണ്ട് മുമ്പുവരെ കേരളത്തിൽ ഖുർആൻ പഠനത്തിനോ മതപഠനത്തിനോ ശരിയായ പദ്ധതിയോ പാഠപുസ്തകങ്ങളോ ഉണ്ടായിരുന്നില്ല. ഖുർആൻ പഠിപ്പിക്കുന്നവർക്ക് മുല്ലമാരെന്നോ സീതിമാരെന്നോ പറഞ്ഞുവന്നിരുന്നു. ഇന്നും അങ്ങനെത്തന്നെയാണ് പറഞ്ഞുവരുന്നതും. ഓത്തുപള്ളിയെന്ന പേരിൽ ഒരു ഷെഡ്ഡ് കെട്ടിയുണ്ടാക്കി അതിൽവെച്ചാണ് മുല്ലമാർ പഠിപ്പിക്കാറ് പതിവ്. 16 ഇഞ്ച് നീളവും 12 ഇഞ്ച് വീതിയുമുള്ള പലകയിൽ എഴുതിക്കൊടുത്താണ് അക്ഷരങ്ങൾ പഠിപ്പിച്ചുവന്നിരുന്നത്. ഒരു കുട്ടി ഖുർആൻ പൂർണമായി വായിക്കാൻ ശീലിക്കുന്നതിന് നാലോ അഞ്ചോ കൊല്ലം വേണ്ടിവരും. പിന്നീട് മതപഠനത്തിനുള്ള കാലമായി. അതിനുള്ള സ്ഥാപനങ്ങൾ പള്ളിദർസുകളാണ്. അതിന് സിലബസോ പാഠ്യപദ്ധതിയോ പഠനക്രമമോ ഒന്നുംതന്നെയില്ല. ഒരാൾ ‘അൽഫിയ’യും ‘ഫത്ഹുൽ മുഈനും’ ഓതിക്കഴിഞ്ഞാൽ ഒരു മുസ്‌ല്യാരായിക്കഴിഞ്ഞു. ഇതായിരുന്നു അരനൂറ്റാണ്ട് മുമ്പുണ്ടായിരുന്ന നില. മൗലാനാ മതപരമായ വിദ്യാഭ്യാസ പദ്ധതിയിൽ വരുത്തിയ പരിവർത്തനങ്ങളെപ്പറ്റി പറയുന്നതിനു മുമ്പായി അതിനു മുമ്പുണ്ടായിരുന്ന നില മൊത്തത്തിൽ ഗ്രഹിക്കുന്നത് നന്നായിരിക്കുമെന്നു കരുതി ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. ഇനി നമുക്ക് വിഷയത്തിലേക്ക് പ്രവേശിക്കാം.”(7)

> ചാലിലകത്ത് കുഞ്ഞഹമ്മദ് വെല്ലൂർ പോയി കുറെ മൻത്വിഖും മറ്റും പഠിച്ചാണ് വന്നത്. അതുകൊണ്ട് അദ്ദേഹം അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിൽ നിന്ന് പുറത്തായിരിക്കുന്നു. തന്മൂലം അദ്ദേഹത്തെ ആരും സ്വീകരിക്കരുത് എന്നൊരു പ്രചാരവേല നാട്ടിലൊക്കെ പരന്നു. ഈ പ്രചാരവേല പേരെടുത്ത മുസ്‌ല്യാക്കന്മാരിൽനിന്നും ശൈഖന്മാരിൽനിന്നുമാണ് പുറത്തുവന്നതെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

“വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിൽ ചേർന്നു പഠിച്ച അദ്ദേഹം അവിടെനിന്നും ബാംഗ്ലൂരിലേക്ക്

പോകുകയും കുറേക്കാലം അവിടെ കഴിച്ചുകൂട്ടിയ ശേഷം വീണ്ടും വെല്ലൂരിലേക്ക് തിരിച്ചുപോകുകയും ലത്വീഫിയാ മദ്രസയിൽനിന്ന് ഉന്നതവിദ്യാഭ്യാസം നേടി നാട്ടിൽ തിരിച്ചു വരികയും ചെയ്തു. ഇതിനു മുമ്പ് മലബാറിൽനിന്നും ആരും വെല്ലൂരിൽ പോയി മതവിദ്യാഭ്യാസം ചെയ്തതായി അറിയില്ല. അവിടെ വെച്ച് മൗലാനാ മൻത്വിഖ് (തർക്കശാസ്ത്രം), ഫൽസഫ (തത്വശാസ്ത്രം) ഹൻദസ (ജ്യോമെട്രി), ഹൈഅ് (ഗോളശാസ്ത്രം) മുതലായ ശാസ്ത്രങ്ങളിലെല്ലാം പല പ്രധാന ഗ്രന്ഥങ്ങളും വായിച്ചുതീർത്തു. മൗലാനയുടെ കൂർമ്മബുദ്ധിയെപ്പറ്റി തന്റെ ഗുരുനാഥൻമാർ പോലും പുകഴ്ത്തി പറയുകയുണ്ടായിട്ടുണ്ട്."[8]

"തിരിച്ചുവന്നതിനു ശേഷം കുഞ്ഞഹമ്മദ് ഹാജിക്കുണ്ടായ വിഷമം താൻ സമ്പാദിച്ച അറിവ് തന്റെ നാട്ടുകാരിലേക്ക് പകർന്നുകൊടുക്കാൻ ഒരു കേന്ദ്രം ലഭിച്ചില്ലെന്നുള്ളതാണ്. അതിനു പുറമെ മറ്റു ചില വിഷമങ്ങൾകൂടി അദ്ദേഹത്തിനു നേരിടേണ്ടതായി വന്നു. ചാലിലകത്ത് കുഞ്ഞഹമ്മദ് വെല്ലൂർ പോയി കുറെ മൻത്വിഖും മറ്റും പഠിച്ചാണ് വന്നത്. അതുകൊണ്ട് അദ്ദേഹം അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിൽ നിന്ന് പുറത്തായിരിക്കുന്നു. തന്മൂലം അദ്ദേഹത്തെ ആരും സ്വീകരിക്കരുത് എന്നൊരു പ്രചാരവേല നാട്ടിലൊക്കെ പരന്നു. ഈ പ്രചാരവേല പേരെടുത്ത മുസ്ല്യാക്കന്മാരിൽനിന്നും ശൈഖന്മാരിൽനിന്നുമാണ് പുറത്തുവന്നതെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. തിരിച്ചുവന്ന ശേഷം മൗലാന അധ്യാപനം നടത്തിയത് പുളിക്കലിൽവെച്ചായിരുന്നു. അനന്തരം നല്ലളത്തുവെച്ചും അദ്ദേഹം ദർസ് നടത്തുകയുണ്ടായി. ഇതിനു ശേഷമാണ് അദ്ദേഹം മയ്യഴി പെരിങ്ങാടി ജുമുഅത്ത് പള്ളിയിൽവെച്ച് ദർസ് ആരംഭിച്ചത്. നല്ലളത്തുനിന്ന് വിട്ട് മയ്യഴിയിലേക്ക് പോകുന്നതിനു മുമ്പായി കുറച്ചുകാലം അദ്ദേഹം സ്വദേശമായ തിരൂരങ്ങാടിയിൽതന്നെ താമസമുറപ്പിച്ചിരുന്നു. അക്കാലത്താണ് അദ്ദേഹം തറമ്മൽ പള്ളി എന്ന പേരിൽ അറിയപ്പെടുന്ന പള്ളി പണിയിച്ചത്. കുറച്ചുകാലം അവിടെവെച്ചുതന്നെ ദർസ് നടത്തി. അതിനുശേഷമാണ് മയ്യഴിയിലേക്കു പോയത്. അന്ന് അവിടെ അദ്ദേഹത്തിന് യോഗ്യന്മാരായ ചില ശിഷ്യന്മാരെ ലഭിക്കുകയുണ്ടായി."[9]

ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിൽനിന്ന് പുറത്തുപോയിരിക്കുന്നു എന്ന യാഥാസ്ഥിതിക പണ്ഡിതൻമാരുടെ പ്രചാരണം ശക്തമായിരിക്കെത്തന്നെ വെല്ലൂരിൽവെച്ച് താൻ പഠിച്ച ഗോള-ഗണിത വിജ്ഞാനങ്ങൾ അദ്ദേഹം തന്റെ ശിഷ്യൻമാർക്ക് പകർന്നു നൽകി. ഈ പഠനത്തിന്റെ വെളിച്ചത്തിൽ ചാലിലകത്തും ശിഷ്യൻമാരും പ്രദേശത്തെ പല പള്ളികളുടെയും ക്വിബ്‌ല തെറ്റാണെന്ന് കണ്ടെത്തി. ക്വിബ്‌ല ശരിയല്ലാത്ത പള്ളികൾ ക്വിബ്‌ലക്ക് അഭിമുഖമായി പുനർനിർമിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഇതിനെതിരായും യാഥാസ്ഥിതികർ രംഗത്തുവന്നു.

1905 ഡിസംബർ 20ന് പുളിക്കൽവെച്ച് ചാലിലകത്തും യാഥാസ്ഥിതിക പണ്ഡിതൻമാരും തമ്മിൽ ക്വിബ്‌ല വിഷയവുമായി ബന്ധപ്പെട്ട് ഒരു വമ്പിച്ച സംവാദം നടന്നു. പണ്ഡിതന്മാർ രണ്ടു പക്ഷത്തായി നിലകൊണ്ടുവെങ്കിലും ഏറെ പേരും ചാലിലകത്തിനെതിരെയാണ് നിലയുറപ്പിച്ചത്. ഈ പ്രശ്നത്തെ തുടർന്നു പുളിക്കലിൽനിന്നു മാറിത്താമസിക്കാൻ ചാലിലകത്ത് നിർബന്ധിതനായി.

*(തുടരും)*

*അവലംബം:*

1. *ഇ.കെ.മൗലവി-തെരഞ്ഞെടുത്ത കൃതികൾ, യുവത ബുക് ഹൗസ്, പേജ് 11.*
2. *ഇ.കെ.മൗലവി-തെരഞ്ഞെടുത്ത കൃതികൾ, യുവത ബുക് ഹൗസ്, പേജ് 11.*
3. *ഇസ്ഹാഖ് അലി കല്ലിക്കണ്ടി- ഇസ്‌ലാഹി ഭൂമികയിലൂടെ, ഭാഗം 1, ഇന്നലെകളിലെ നായകന്മാർ, കെ.എൻ.എം പബ്ലിഷിംഗ് വിംഗ്, പേജ് 71, 72.*
4. *ഇ.കെ.മൗലവി-തെരഞ്ഞെടുത്ത കൃതികൾ, യുവത ബുക് ഹൗസ്, പേജ് 13. ഉദ്ധരണം: കുഞ്ഞിമൂസ സി.എച്ച്, ഇ.കെ.മൗലവി അനുസ്മരണം, അപ്രകാശിത കൈയെഴുത്ത് പ്രതി, കടവത്തൂർ 1980.*
5. *ഇസ്ഹാഖ് അലി കല്ലിക്കണ്ടി-മുജാഹിദ് പ്രസ്ഥാനം കേരളത്തിൽ, കെ.എൻ.എം പബ്ലിഷിംഗ് വിംഗ്, പേജ് 269.*
6. *കേരള മുസ്‌ലിം ഐക്യ സംഘം- ഇ.കെ മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം, സമാഹരണം അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക് ഹൗസ്, പേജ് 25,26.*
7. *ചന്ദ്രിക ആഴ്ചപ്പതിപ്പ്, 1956 ഫെബ്രുവരി 4, ഉദ്ധരണം: അൽഇത്തിഹാദ് 1955 ഏപ്രിൽ 1.*
8. *ചന്ദ്രിക ആഴ്ചപ്പതിപ്പ്, 1956 ഫെബ്രുവരി 4, ഉദ്ധരണം: അൽഇത്തിഹാദ് 1955 ഏപ്രിൽ 1.*
9. *ചന്ദ്രിക ആഴ്ചപ്പതിപ്പ്, 1956 ഫെബ്രുവരി 4, ഉദ്ധരണം: അൽഇത്തിഹാദ് 1955 ഏപ്രിൽ 1.*

മുബാറക് ബിൻ ഉമർ
: 85472 39334

# സമസ്തക്കാർ ചരിത്രം മറയ്ക്കുന്നു

‘സുന്നത്ത്’ എന്നാൽ ‘നബിചര്യ.’ ആ സുന്നത്തിന്റെ ആൾക്കാരാകണം സുന്നികൾ. എന്നാൽ സുന്നത്തുകളെ പരിഗണിക്കാതിരിക്കുകയും ബിദ്അത്തുകൾ കൊണ്ടുനടക്കുകയും ചെയ്യുന്നവരാണ് സമസ്തക്കാർ. ‘സുന്നികൾ’എന്ന് ആഗോള തലത്തിൽ പറഞ്ഞാൽ ശിയാക്കൾ അല്ലാത്തവർ എന്നാണ് ഉദ്ദേശ്യം. ഈ രണ്ട് അർഥത്തിലുമല്ല ‘സുന്നികൾ’ എന്ന് ഇവിടെ പറയുന്നത്

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നൂറാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനം ബംഗളൂരുവിൽ നടക്കുന്നതിനോടനുബന്ധിച്ച് പുറത്തിറങ്ങിയ ചന്ദ്രിക വാരാന്തപ്പതിപ്പിൽ 9 ലേഖനങ്ങൾ പ്രസിദ്ധീകരിച്ചതായി കണ്ടു. വാരാന്തപ്പതിപ്പിലെ സ്ഥിരം പംക്തികൾ മുഴുവൻ ഒഴിവാക്കിയാണ് 28-1-2024ലെ ഈ ആഘോഷം. പ്രസ്ഥാനത്തിന്റെ ചരിത്രം, വളർച്ച, പുരോഗതി എന്നിവയൊക്കെ ലേഖകർ വരച്ചുവെക്കുന്നുണ്ട്. ചരിത്രം മറന്ന് ആഘോഷിക്കരുത് എന്നേ നമുക്ക് പറയാനുള്ളൂ. മനഃപൂർവം ചരിത്രം മറച്ചുവെക്കലോ? വലിയ വഞ്ചനയാണത്!



മദ്റസ പ്രസ്ഥാനത്തെ പറ്റിയും അതിന്റെ മഹാശിൽപിയാണെന്ന് ലേഖകൻ പറയുന്ന ബാഫഖി തങ്ങളെ പറ്റിയുമാണ് ഒരു രചന. മദ്റസ പ്രസ്ഥാനം കേരളത്തിൽ ഉണ്ടായത് എങ്ങനെയെന്നും അന്ന് സുന്നികളുടെ (സുന്നികൾ എന്നതുകൊണ്ട് ഉദ്ദേശ്യം സമസ്തക്കാർ എന്നാണിവിടെ. ‘സുന്നത്ത്’ എന്നാൽ ‘നബിചര്യ.’ ആ സുന്നത്തിന്റെ ആൾക്കാരാകണം സുന്നികൾ. എന്നാൽ സുന്നത്തുകളെ

പരിഗണിക്കാതിരിക്കുകയും ബിദ്അത്തുകൾ കൊണ്ടുനടക്കുകയും ചെയ്യുന്നവരാണ് സമസ്തക്കാർ. 'സുന്നികൾ'എന്ന് ആഗോള തലത്തിൽ പറഞ്ഞാൽ ശിയാക്കൾ അല്ലാത്തവർ എന്നാണ് ഉദ്ദേശ്യം. ഈ രണ്ട് അർഥത്തിലുമല്ല 'സുന്നികൾ' എന്ന് ഇവിടെ പറയുന്നത്) നിലപാട് എന്തായിരുന്നുവെന്നും എല്ലാവർക്കും അറിയാം.

ഓത്തുപള്ളികളാണ് അക്കാലത്ത് ഇവിടെയുണ്ടായിരുന്നത്. വെറും തറയിലിരുന്ന് പലകകളിൽ ചെവിടി മണ്ണ് തേച്ചൊക്കെയായിരുന്നു എഴുത്ത്. അക്ഷരങ്ങൾ മനസ്സിലാക്കിയാൽ ഖുർആൻ ഓതാൻ പഠിക്കും. ഖുർആൻ ഓതിത്തീരുന്നതോടെ ഓത്തുപള്ളി പഠനം തീരും. ഇതായിരുന്നു അവസ്ഥ.

ഓത്തുപള്ളി സമ്പ്രദായം മാറ്റി മദ്റസ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത് മൗലാന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു. അദ്ദേഹം 1902ൽ വാഴക്കാട് ദാറുൽ ഉലൂം മദ്റസ സ്ഥാപിച്ചു. അതിന് അദ്ദേഹം മലയാളത്തിൽ ഒരു സിലബസ് ഉണ്ടാക്കി. ക്ലാസ്സുകളാക്കി തിരിച്ചു. ഓത്തുപലക മാറ്റി കുട്ടികൾക്ക് സ്ലൈറ്റുകൾ നൽകി. ബ്ലാക്ക് ബോർഡ് സ്ഥാപിച്ചു. ചോക്കുകൊണ്ട് എഴുതിത്തുടങ്ങി.

അന്നത്തെ മുസ്‌ലിയാക്കൾ മദ്റസയെ എതിർത്തുകൊണ്ട് പറഞ്ഞത് ഇപ്രകാരമാണ്: 'വഖഫ് സ്വത്തുക്കൾ മദ്റസ പഠനത്തിന് ഉപയോഗിക്കൽ ഹറാമാണ്. ബോർഡിൽ ആയത്തും ഹദീസും തജല്ലിയാത്തിന്റെ ഇസ്മുകളും എഴുതാൻ പാടില്ല. കാരണം ആയത്തുകൾ എഴുതിയത് മായ്ക്കുമ്പോൾ അതിന്റെ പൊടി നിലത്തു വീഴും. അത് ഹറാമാണ്.'



അതിനുപുറമെ കൗതുകമുണർത്തുന്ന ഒരു വാദവും മുസ്‌ലിയാക്കൾ ഉന്നയിച്ചു; ഉസ്താദ് നിൽക്കുമ്പോൾ ശിഷ്യന്മാർ ബെഞ്ചിലിരിക്കുന്നത് അദബുകേട് (മര്യാദകേട്) ആണ്, അത് നിഷിദ്ധമാണ്!

മദ്റസക്കെതിരിൽ പ്രചാരണായുധമായി അവർ പറഞ്ഞും പാടിയും പരത്തിയ ഒരു പാട്ടുണ്ടായിരുന്നു:

'ഒരു കാലത്തും ലാ തജ്അലുൽ ബനീന
മദ്റസ ബയ്യിൽ യതഅല്ലമൂന
മദ്റസയുടെ അവ്വലിലെ മീമാ
ജഹന്നമിന്റെ ആഖിറിലെ മീമാ
മദ്റസയുടെ ആഖിറ് ജഹന്നമാ...'

'കുട്ടികളെ ഒരുകാലത്തും നിങ്ങൾ മദ്റസയിൽ പഠനത്തിനായി അയക്കരുത്. കാരണം മദ്റസ എന്ന പദത്തിലെ ആദ്യ അക്ഷരമായ 'മ' ജഹന്നം (നരകം) എന്ന പദത്തിന്റെ അവസാന അക്ഷരമായ മീമിൽ നിന്നാണ്.' മദ്റസയിൽ പഠിച്ചാൽ അന്ത്യം നരകത്തിലാണ് അവസാനിക്കുക എന്ന് ചുരുക്കം. എങ്ങനെ യുണ്ട് ഇജ്തിഹാദ്?

അന്നത്തെ പൗരോഹിത്യം വാഴക്കാട് ദാറുൽ ഉലൂമിനെതിരെയും ചാലിലകത്തിനെ സഹായിച്ചിരുന്ന സമ്പന്ന കുടുംബത്തിനെതിരെ(വഖഫ്സ്വത്ത് ഇതിനു പാടില്ല എന്ന വാദം)യും സംഘടിതമായി ആക്രമണമഴിച്ചുവിട്ടു. നിവൃത്തിയില്ലാതെ ചാലിലകത്തിന് വാഴക്കാട് വിടേണ്ടിവന്നു.

മൗലാന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി ധീരനായിരുന്നു. അദ്ദേഹം മദ്റസ പ്രസ്ഥാനവുമായി മുന്നോട്ടുപോയി. ഇസ്‌ലാഹി പ്രസ്ഥാനം മദ്റസകൾ സ്ഥാപിച്ചു.

ചന്ദ്രികയിലെ ലേഖനത്തിൽ പറയുന്നത് ഇങ്ങനെയാണ്: "1945ൽ സമസ്തയുടെ പതിനാറാം സമ്മേളനത്തിൽ മദ്റസ തുടങ്ങുന്ന കാര്യം ബാഫഖി തങ്ങൾ ഉന്നയിച്ചു. ആ ചർച്ച നീണ്ടുപോയി. ആറു വർഷം കഴിഞ്ഞ് 1951ൽ 19ാം വാർഷകത്തിൽ സമസ്ത ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ഉണ്ടാക്കി.'

പല പതിറ്റാണ്ടുകാലം എതിർക്കുകയും മാറിനിൽക്കുകയും ചെയ്ത ഒരു സംഗതിയെക്കുറിച്ച് പുതിയ തലമുറ അറിയുകയെങ്കിലും ചെയ്യേണ്ടേ?

കേരള ജംഇയ്യത്തുൽ ഉലമയാണ് ആദ്യം രൂപീകരിച്ചത്. പിന്നീടാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ഉണ്ടാകുന്നത്. ചരിത്രം പുതുതലമുറ ചുരുക്കിയെങ്കിലും മനസ്സിലാക്കണം.

നവോത്ഥാനം ആരംഭിക്കുന്നത് കൊടുങ്ങല്ലൂരിൽനിന്നാണ്. 1922ൽ 'നിഷ്പക്ഷ സംഘം' രൂപീകരിക്കപ്പെട്ടു. ഇത് കൊടുങ്ങല്ലൂരിൽ മാത്രം പോരെന്നും മുസ്‌ലിംകളുടെ സാമൂഹ്യ പുരോഗതിക്കായി

> മദ്റസയെ നഖശികാന്തം എതിർത്തിരുന്നവർ പിൽക്കാലത്ത് മദ്റസയുടെ എണ്ണം കാട്ടി അഭിമാനം നടിക്കുന്നവരായിത്തീർന്നു. പെൺകുട്ടികൾ കയ്യെഴുത്ത് പഠിക്കാൻ പാടില്ലെന്ന് പറഞ്ഞവർ വനിത അറബിക്കോളേജുകളും മറ്റും നടത്തുന്നവരായി മാറി. ഫാതിഹയുടെ അർഥം പോലും സാധാരണക്കാരൻ പഠിക്കേണ്ടതില്ലെന്ന് പറഞ്ഞവർ ഖുർആൻ ക്ലാസും പഠനവും ഗവേഷണവും നടത്തുകയും പരിഭാഷയും വ്യാഖ്യാനവും എഴുതുകയും ചെയ്യുന്ന അവസ്ഥയിലെത്തി (ദുർവ്യാഖ്യാനങ്ങളാണ് അധികവും).

കേരളാടിസ്ഥാനത്തിലുള്ള സംഘടനയാക്കണമെന്നും 1922ൽ എറിയാടുവെച്ച് നടന്ന സംഘത്തിന്റെ ഒരു യോഗത്തിൽ അഭിപ്രായമുണ്ടായി. അങ്ങനെ പേരുമാറ്റി 'കേരള മുസ്‌ലിം ഐക്യസംഘം' രൂപീകരിച്ച് വിപുലമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. 1923ൽ ഏറിയാടുവെച്ച് നടന്ന ഐക്യസംഘത്തിന്റെ ഒന്നാം വാർഷികം വക്കം മൗലവിയുടെ അധ്യക്ഷതയിൽ നടന്നു. 'മുസ്‌ലിം ഐക്യസംഘം' എന്ന പേരിൽ ഒരു മാസിക തുടങ്ങി. 1924ൽ ആലുവയിൽ രണ്ടാം വാർഷിക സമ്മേളനം ചേർന്നു. കേരളത്തിലങ്ങോളമിങ്ങോളം യാത്രചെയ്ത് മണപ്പാട്ട് കുഞ്ഞുമുഹമ്മദ്, ടി.കെ മുഹമ്മദ് മൗലവി, ഇ.കെ മൗലവി എന്നിവർ മിക്ക ഉലമാക്കളെയും കണ്ട് ക്ഷണിക്കുകയും യാത്രാചെലവും ഭക്ഷണവും ഐക്യസംഘം വഹിക്കുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. വെല്ലൂർ ബാകിയാതുസ്സാലിഹാത്ത് പ്രിൻസിപ്പൽ അബ്ദുൽ ജബ്ബാർ ഹസ്രത്ത് ആയിരുന്നു സമ്മേളന അധ്യക്ഷൻ. സമ്മേളന പിറ്റേന്ന് ഉലമാക്കളുടെ യോഗം ചേർന്നു. ഉലമാക്കളുടെ ഒരു സംഘടന ഉണ്ടാക്കാനായിരുന്നു അത്. സംഘമുണ്ടാക്കാൻ എന്താണ് ദലീൽ (തെളിവ്) എന്ന് ഒരു മുസ്‌ലിയാർ ചോദിക്കുകയും ഇ.കെ മൗലവി ആലുഇംറാനിലെ ആയത്തോതുകയും മുസ്‌ലിയാർ 'അത് ആയത്തല്ലേ, ദലീൽ എവിടെ' എന്ന് ആവർത്തിക്കുകയും ചെയ്തുവത്രെ! കർമശാസ്ത്ര കിതാബുകളിലെ ഉദ്ധരണികൾ മാത്രമാണ് അന്ന് മുസ്‌ലിയാക്കന്മാർ ദലീലായി കണ്ടിരുന്നത് എന്നർഥം.

അന്നാണ് കേരള മുസ്‌ലിംകളിലെ ആദ്യത്തെ പണ്ഡിത സംഘടന രൂപീകരിക്കപ്പെടുന്നത്. കർമ പരിപാടികളുമായി ഇസ്‌ലാഹി പ്രവർത്തകർ മുന്നോട്ട് പോയി.

കേരളത്തിലെ മുസ്‌ലിം നവോത്ഥാന ചരിത്രം തുടങ്ങുന്നത് ഇങ്ങനെയാണ്. എല്ലാ ചരിത്രകാരന്മാരും അംഗീകരിക്കുന്നതാണിത്. എന്നാൽ ഇത് നവോത്ഥാനമല്ല എന്നു പ്രചരിപ്പിക്കാനും സ്ഥാപിക്കാനും സമസ്തക്കാർ ആസൂത്രിതമായ ശ്രമങ്ങൾ കുറച്ചുമുമ്പ് നടത്തുകയുണ്ടായി. പ്രബന്ധങ്ങളും പ്രഭാഷണങ്ങളും വഴിയാണ് ഇതിനു ശ്രമിച്ചത്. അത് വേറൊരു കഥ.

1926 ജൂൺ ആറിനാണ് സുന്നികൾ ഉലമ സംഘടന ഉണ്ടാക്കിയത്. ഒരേ പേരിൽതന്നെ സംഘടന ഉണ്ടാക്കുന്നത് നടക്കില്ല എന്ന് ബോധ്യമായപ്പോഴാണ് സമസ്ത എന്ന് കൂട്ടിച്ചേർത്ത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയാക്കുന്നത്.

കഴിഞ്ഞകാലം മറക്കാതിരിക്കാൻ സമസ്തക്കാരുടെ ചില കാര്യങ്ങൾകൂടി പുതിയ തലമുറ ഗ്രഹിക്കേണ്ടതുണ്ട്.

ബ്രിട്ടീഷുകാർക്കെതിരെ എല്ലാവരും സമരം നടത്തിയിരുന്ന കാലത്ത് ഇവരുടെ ഒരു ഫത്‌വയിലെ പ്രസക്തഭാഗം ഇങ്ങനെ: "ഭരണകർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധം ആയിട്ടുള്ള കാര്യമായിരിക്കും. കോൺഗ്രസ് കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർഥ മുസ്‌ലിംകൾക്ക് ചെയ്യാൻ പാടില്ലാത്തതും ആകുന്നു" (ആറാം വാർഷിക സമ്മേളനത്തിലെ പന്ത്രണ്ടാം പ്രമേയത്തിൽ നിന്നും).

'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സംഘത്തിൽ അംഗങ്ങളായ മുസ്‌ലിയാക്കന്മാർ എല്ലാവരും കോൺഗ്രസുകാരല്ലാത്തവരും ഗവൺമെന്റ് കക്ഷിയും ആയിരിക്കണമെന്നും മുൻ നിശ്ചയത്തെ ഈ യോഗം പുനരാവർത്തിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നു' എന്നതാണ് മറ്റൊരു ഫത്‌വ.

1936 മാർച്ച് ആറിന് മണ്ണാർക്കാട് ചേർന്ന സമസ്ത നാലാം വാർഷിക സമ്മേളനത്തിൽ പാസ്സാക്കിയ (ഇവർ മറക്കാനാഗ്രഹിക്കുന്ന) കുപ്രസിദ്ധമായ പ്രമേയം ഇങ്ങനെ വായിക്കാം: "സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ മക്റൂഹ് ആണെന്നും പല മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു." പ്രമേയാവതാരകൻ സി.കെ മുഹമ്മദ് മുസ്‌ലിയാരും പിന്താങ്ങിയത് സമസ്ത സ്ഥാപക നേതാവ് എ.പി അഹമ്മദ് കുട്ടി മുസ്‌ലിയാരും (പാങ്ങ്) ആയിരുന്നു.

അടുത്തകാലംവരെ സമസ്തക്കാരുടെ മദ്റസകളിൽ പെൺകുട്ടികൾക്ക് വാചിക പരീക്ഷയായിരുന്നു നടത്തിയിരുന്നത്.



ആദ്യകാലത്ത് മലയാളത്തിൽ ഖുത്വുബ നടത്തുന്നതിന് സമസ്തക്കാർ എതിരായിരുന്നില്ല. ധാരാളം പള്ളികളിൽ മലയാള ഖുത്വുബ നടന്നിരുന്നു. 1947ലെ മീഞ്ചന്ത പ്രമേയത്തോടെ മലയാളം മിമ്പറിൽനിന്ന് പുറത്തായി. പിന്നീടും അപൂർവം ചില പള്ളികളിൽ നിലനിന്നിരുന്നു. 1980കളിലാണ് പൂർണമായും നിന്നുപോയത്.

ക്വുർആൻ പരിഭാഷപ്പെടുത്താൻ പാടില്ല എന്നായിരുന്നു സമസ്തക്കാരുടെ നിലപാട്. കൂറ്റനാട് കെ. വി മുഹമ്മദ് മുസ്‌ലിയാരും ടി.കെ അബ്ദുല്ല മൗലവിയും ക്വുർആൻ പരിഭാഷ എഴുതി പ്രസിദ്ധീകരിച്ചു. അതിനെതിരെ 'തഹ്ദീറുൽ ഇഖ്‌വാൻ മിൻ തർജുമതിൽ ക്വുർആൻ' (ക്വുർആൻ പരിഭാഷപ്പെടുത്തു ന്നതിൽനിന്ന് സഹോദരന്മാർക്ക് മുന്നറിയിപ്പും താക്കീതും) എന്ന ലഘുലേഖ എഴുതി പ്രസിദ്ധീകരിച്ചത് ഇ.കെ ഹസ്സൻ മുസ്‌ലിയാർ ആയിരുന്നു.

മദ്റസയെ നഖശികാന്തം എതിർത്തിരുന്നവർ പിൽക്കാലത്ത് മദ്റസയുടെ എണ്ണം കാട്ടി അഭിമാനം നടിക്കുന്നവരായിത്തീർന്നു. പെൺകുട്ടികൾ കയ്യെഴുത്ത് പഠിക്കാൻ പാടില്ലെന്ന് പറഞ്ഞവർ വനിത അറബിക്കോളേജുകളും മറ്റും നടത്തുന്നവരായി മാറി. ഫാതിഹയുടെ അർഥം പോലും സാധാരണക്കാരൻ പഠിക്കേണ്ടതില്ലെന്ന് പറഞ്ഞവർ ക്വുർആൻ ക്ലാസും പഠനവും ഗവേഷണവും നടത്തുകയും പരിഭാഷയും വ്യാഖ്യാനവും എഴുതുകയും ചെയ്യുന്ന അവസ്ഥയിലെത്തി (ദുർവ്യാഖ്യാനങ്ങളാണ് അധികവും).

സ്ത്രീകൾക്ക് പള്ളി ഹറാമാണെന്ന് വാദിച്ചിരുന്നവർ പള്ളിക്കടുത്ത് പ്രത്യേകമുറി ഉണ്ടാക്കി യാത്രക്കാരായ സ്ത്രീകൾക്ക് നമസ്‌കരിക്കാൻ സൗകര്യമൊരുക്കി. നാട്ടുകാരായ സ്ത്രീകൾക്ക് പാടില്ല! ഇങ്ങനെ മാറ്റങ്ങൾ പലതും സംഭവിച്ചു. പിടിച്ചുനിൽക്കാൻ കഴിയാതെ, കാലിന്നടിയിൽനിന്ന് മണ്ണ് ഒലിച്ചു പോകുന്നത് മനസ്സിലാക്കിയായിരുന്നുവെങ്കിലും കാര്യങ്ങൾ ഇവിടംവരെയെങ്കിലും എത്തിയത് നല്ലതുതന്നെ.

പക്ഷേ, ശിർക്കും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പഴയതുപോലെയോ ഒന്നുകൂടി ശക്തമായോ നിലനിൽക്കുന്നു. സി.എം മടവൂർ 'മുദബ്ബിറുൽ ആലം' (ലോകത്തെ നിയന്ത്രിക്കുന്നവൻ) ആണെന്ന് പറയുന്നതിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. അല്ലാഹു അല്ലാത്തവരെ വിളിച്ചു തേടാൻ പാടില്ലെന്ന് പറയുന്നവരെ പിഴച്ചവരാണെന്ന് മുദ്രകുത്താനും മടിയില്ല!

ഫൈസൽ മൂഴിക്കൽ
: 98471 65909



# നോമ്പ്:

## മനസ്സിനെ സംസ്കരിക്കുവാനുള്ള സുവർണാവസരം

റമദാൻ തേടുന്നത് മനസ്സിന്റെ സംസ്കരണമാണ്. രോഗാതുരമായ മനസ്സിൽനിന്ന് നിഷ്കളങ്കമായ പ്രാർഥന ഉയരില്ല. അഹങ്കാരം മനസ്സിനെ ബാധിക്കുന്ന ഒരു വലിയ രോഗമാണ്. നന്മകളെ നശിപ്പിക്കുന്ന തിന്മയാണത്. അഹങ്കാരിയുടെ മനസ്സിൽ വലിയവൻ അവൻ തന്നെയാണ്. അതുകൊണ്ട് പ്രാർഥനയുമായി സ്രഷ്ടാവിലേക്ക് കൈകളുയർത്താൻ അവനു മടിയായിരിക്കും.

മനസ്സിന്റെ മറ്റൊരു രോഗം അസൂയയാണ്. മറ്റുള്ളവരുടെ നേട്ടം ഒരാളിൽ അസ്വസ്ഥത ജനിപ്പിക്കുന്നതാണ് അസൂയ. സ്വയം വരുത്തിവെക്കുന്ന കനത്ത നഷ്ടം. താൻ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന സ്ഥാനത്ത് മറ്റുള്ളവർ എത്തിയത് കാണുമ്പോൾ അവന് സഹിക്കില്ല. അവനിലെ അസൂയ ആളിക്കത്തും. നോമ്പിന്റെ നാളുകളിലെ നന്മയോടുള്ള താൽപര്യത്തിന് അസൂയയെ മറികടക്കാൻ സാധിക്കണം. മറ്റുള്ളവരിലെ നന്മയിൽ സന്തോഷിക്കുക, നേട്ടങ്ങളിൽ അഭിനന്ദിക്കുക. സ്രഷ്ടാവിന്റെ വിധിയിൽ വിശ്വാസമർപ്പിക്കുക.

പരദൂഷണം മറ്റൊരു രോഗമാണ്. മനസ്സിന്റെ ഇച്ഛക്കനുസരിച്ച് നാവുകൊണ്ട് ചെയ്യുന്ന പാതകമാണത്. അപരനെക്കുറിച്ച് അയാൾ കേൾക്കെ പറയാൻ പറ്റാത്തതെന്തും അയാളുടെ അഭാവത്തിൽ പറയുന്നത് പരദൂഷണമാണ്; അത് അയാളിൽ ഉള്ളതായാലും ഇല്ലാത്തതായാലും. ഇന്ന് വാട്സാപ്പ് പോലുള്ള സാമൂഹ്യമാധ്യമങ്ങൾ വഴിയും പരദൂഷണം നടന്നുവരുന്നുണ്ട്. അത് സൃഷ്ടിക്കുന്ന ദുരന്തങ്ങൾക്ക് വലിയ വില നൽകേണ്ടി വരുന്നു. അന്യന്റെ അഭിമാനം തകർക്കലാണത്. നാവിനെ നിയന്ത്രിക്കാൻ മനസ്സിനു കഴിയണം. നോമ്പുകാരന് അതിനു കഴിഞ്ഞില്ലെങ്കിൽ അവന്റെ നോമ്പ് നിഷ്ഫലമാണ്. നല്ലതു മാത്രം പറയുക, ഇല്ലെങ്കിൽ മിണ്ടാതിരിക്കുക.

ദേഷ്യം മനസ്സിന്റെ മറ്റൊരു രോഗമാണ്. മനസ്സിന് അംഗീകരിക്കാനാവാത്ത സാഹചര്യങ്ങളോടോ പ്രവർത്തനങ്ങളോടോ ഉള്ള പ്രതികരണമാണത്. ചില ഘട്ടങ്ങളിൽ അത് ആവശ്യമാണത്. പക്ഷേ, അമിതവും അനിയന്ത്രിതവുമായ ദേഷ്യം അപകടമാണ്. അത് ബന്ധങ്ങളെ തകർക്കും. പിശാചിൽനിന്നാണ് ദേഷ്യത്തിന്റെ വിത്ത്. അണയാത്ത തീ ശരീരത്തിൽ വഹിക്കും പോലെയാണത്.

നോമ്പ് ക്ഷമ പരിശീലിപ്പിക്കുന്നു. അതിലൂടെ ദേഷ്യത്തെ മറികടക്കാം. ദേഷ്യം വരുന്ന സാഹചര്യത്തിൽനിന്ന് മാറിനിൽക്കുക എന്നതാണ് ആദ്യനിമിഷങ്ങളിൽ ചെയ്യാനുള്ളത്. ക്ഷമയുടെ പ്രാധാന്യം തിരിച്ചറിയണം. എടുത്തുചാടിയുള്ള പ്രതികരണത്തിനൊടുവിൽ ഖേദിക്കേണ്ടിവരും. കുറ്റബോധം തോന്നും. ഒറ്റപ്പെടൽ അനുഭവിക്കേണ്ടി വരും.

ഊഹത്തെ പിന്തുടരുന്നത് മനസ്സിന്റെ രോഗമത്രെ. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുന്നതിലും പറയുന്നതിലും ഒട്ടുമുക്കാലും ഊഹമായിരിക്കും. നമുക്ക് അറിയാവുന്ന കുറച്ച് കാര്യങ്ങളിലേക്ക് ഊഹം കൂടി കൂട്ടിച്ചേർത്താണ് മറ്റുള്ളവരെ നാം വിലയിരുത്താറുള്ളത്. ഇത് ബന്ധങ്ങൾ വഷളാക്കുമെന്നതിൽ സംശയമില്ല. മറ്റൊരാളെക്കുറിച്ച് ഇല്ലാത്ത കാര്യങ്ങൾ ചിന്തിച്ചുകൂട്ടുന്നത് പൈശാചികതയാണ്.

പകയും വിദ്വേഷവും കുടികൊള്ളുന്ന മനസ്സ് പിശാചിന്റെ കൂടാരമാണ്. കിട്ടുന്ന അവസരം കാത്ത് പക വീട്ടാൻ നിൽക്കുന്നവർ അവനവന്റെ ശരീരത്തിനും മനസ്സിനും ദോഷമാണ് വരുത്തിവെക്കുന്നത്. മനസ്സിന്റെ ഊർജം കെട്ടടങ്ങും. സന്തോഷത്തിന് മുകളിൽ കാർമേഘം മൂടും. തെറ്റുകൾ ആവർത്തിച്ച് ചെയ്യും. വിട്ടുകൊടുക്കുക; ശക്തിയുള്ളപ്പോൾ തന്നെ. മറക്കുക; ഓർമ മായാതെ നിൽക്കുമ്പോഴും. പൊറുക്കാം; വേദന നിറയുമ്പോൾ തന്നെ. മാപ്പുകൊടുക്കലിന്റെ മനസ്സിന്നായി റബ്ബിലേക്ക് കൈകളുയർത്താം; മാപ്പിന്നർഹരായി മാറാം. ■

# സൂറ: സ്വാദ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 38

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَإِنَّ عَلَيْكَ لَعْنَتِي إِلَىٰ يَوْمِ الدِّينِ ﴿٧٨﴾

قَالَ رَبِّ فَأَنظِرْنِي إِلَىٰ يَوْمِ يُبْعَثُونَ ﴿٧٩﴾

قَالَ فَإِنَّكَ مِنَ الْمُنظَرِينَ ﴿٨٠﴾

إِلَىٰ يَوْمِ الْوَقْتِ الْمَعْلُومِ ﴿٨١﴾

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾

إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ ﴿٨٣﴾

قَالَ فَالْحَقُّ وَالْحَقَّ أَقُولُ ﴿٨٤﴾

لَأَمْلَأَنَّ جَهَنَّمَ مِنكَ وَمِمَّن تَبِعَكَ مِنْهُمْ أَجْمَعِينَ ﴿٨٥﴾

قُلْ مَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ وَمَا أَنَا مِنَ الْمُتَكَلِّفِينَ ﴿٨٦﴾

إِنْ هُوَ إِلَّا ذِكْرٌ لِّلْعَالَمِينَ ﴿٨٧﴾

وَلَتَعْلَمُنَّ نَبَأَهُ بَعْدَ حِينٍ ﴿٨٨﴾

78. തീർച്ചയായും ന്യായവിധിയുടെ നാൾവരെയും നിന്റെ മേൽ എന്റെ ശാപം ഉണ്ടായിരിക്കുന്നതാണ്.

79. അവൻ (ഇബ്ലീസ്) പറഞ്ഞു: എന്റെ രക്ഷിതാവേ, എന്നാൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ നീ എനിക്ക് അവധി അനുവദിച്ചുതരേണമേ.

80. (അല്ലാഹു) പറഞ്ഞു: എന്നാൽ നീ അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു.

81. നിശ്ചിതമായ ആ സമയം സമാഗതമാകുന്ന ദിവസംവരെ.

82. അവൻ (ഇബ്ലീസ്) പറഞ്ഞു: നിന്റെ പ്രതാപമാണെ സത്യം! അവരെ മുഴുവൻ ഞാൻ വഴിതെറ്റിക്കുകതന്നെ ചെയ്യും;

83. അവരിൽ നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ

84. അവൻ (അല്ലാഹു) പറഞ്ഞു: അപ്പോൾ സത്യം ഇതത്രെ-സത്യമേ ഞാൻ പറയുകയുള്ളൂ:

85. നിന്നെയും അവരിൽനിന്ന് നിന്നെ പിന്തുടർന്ന മുഴുവൻ പേരെയുംകൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യും.

86. (നബിയേ,) പറയുക: ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഞാൻ കൃത്രിമം കെട്ടിച്ചമയ്ക്കുന്നവരുടെ കൂട്ടത്തിലുമല്ല.

87. ഇത് ലോകർക്കുള്ള ഒരു ഉൽബോധനം മാത്രമാകുന്നു.

88. ഒരു കാലയളവിനുശേഷം ഇതിലെ വൃത്താന്തം നിങ്ങൾക്ക് മനസ്സിലാവുകതന്നെ ചെയ്യും.

78. (തീർച്ചയായും നിന്റെ മേൽ എന്റെ ശാപമുണ്ടായിരിക്കും) എന്റെ അകറ്റലും ആട്ടിയോടിക്കലും. (ന്യായവിധിയുടെ നാൾ വരെ) എന്നെന്നും.

79. (അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, എന്നാൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ നീ എനിക്ക് അവധി അനുവദിച്ചുതരേണമേ) ആദമിനോടും അദ്ദേഹത്തിന്റെ സന്താനങ്ങളോടുമുള്ള കഠിനമായ ശത്രുതമൂലം; അല്ലാഹു അവൻ മുഖേന പിഴപ്പിക്കപ്പെടാൻ കണക്കാക്കിയവരെ വഴിപിഴപ്പിക്കുന്നതിനു വേണ്ടി.

80,81. (അവൻ പറഞ്ഞു) അവന്റെ അപേക്ഷയ്ക്ക് മറുപടിയായി അല്ലാഹു പറഞ്ഞു. അവന്റെ യുക്തിയുടെ താൽപര്യപ്രകാരം. (എന്നാൽ, നീ അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു) നിശ്ചിതമായ ആ സമയം സമാഗതമാകുന്ന ദിവസംവരെ. അത് പൂർത്തിയാകുമ്പോൾ പരീക്ഷണവും കഴിയും.

82. തനിക്ക് അവധി നൽക

പ്പെട്ടിരിക്കുന്നു എന്ന് ഇബ്‌ലീസി ന് വ്യക്തമായപ്പോൾ തന്റെ മ്ലേച്ഛ തയും തന്റെ രക്ഷിതാവിനോടും ആദമിനോടും സന്താനങ്ങളോ ടുമുള്ള അവന്റെ ശത്രുതയും അവൻ പുറത്തെടുത്തു. അവൻ പറഞ്ഞു: (നിന്റെ പ്രതാപമാണ് സത്യം. അവരെ മുഴുവൻ ഞാൻ വഴിതെറ്റിക്കുകതന്നെ ചെയ്യും) നിന്റെ മഹത്ത്വത്താലും പ്രതാപ ത്താലും. 'ബാഅ്' എന്ന അക്ഷരം സത്യം ചെയ്തുപറയാനുള്ളതാണ്. അല്ലാഹുവിന്റെ പ്രതാപം കൊണ്ടാ ണിവിടെ സത്യം ചെയ്യുന്നത്. പറ യുന്നതോ, അവരെ മുഴുവൻ വഴി തെറ്റിക്കുമെന്ന്!

83. (അവരിൽ നിന്റെ നിഷ്കള ങ്കരായ ദാസന്മാർ ഒഴികെ) അവർ അല്ലാഹുവിന് ആത്മാർഥമായി കീ ഴൊതുങ്ങിയവരാണ്. അവരുടെ വിശ്വാസത്തിന്റെ പൂർണതയാൽ വഴികേടിൽനിന്നും അല്ലാഹു അവർക്ക് സംരക്ഷണം നൽകി. തങ്ങളുടെ രക്ഷിതാവിനെ അനു സരിക്കാൻ കഴിവിന്റെ പരമാവധി അവർ ശ്രമിക്കുന്നു. ഇബ്‌ലീസി നറിയാം, അവന്റെ തന്ത്രങ്ങളിൽ നിന്ന് അല്ലാഹു അവരെ സംര ക്ഷിക്കുമെന്ന്.

മറ്റൊരു സാധ്യത 'ബാഅ്' എന്ന അക്ഷരം സഹായം ചോദി ക്കുന്നതിന് വേണ്ടിയാകാം എന്ന താണ്. ഇബ്‌ലീസിനറിയാം, താൻ എല്ലാ നിലക്കും അശക്തനാണെ ന്ന്; അല്ലാഹുവിന്റെ ഉദ്ദേശ്യമില്ലാ തെ ഒരാളെയും വഴിതെറ്റിക്കാനാ വില്ല എന്നും. അതിനാൽ, ആദം സന്തതികളെ വഴിതെറ്റിക്കാൻ അല്ലാഹുവിന്റെ പ്രതാപം മുൻ നിർത്തി അവൻ സഹായം ചേദി ക്കുന്നു. അവൻ അല്ലാഹുവിന്റെ യഥാർഥ ശത്രു തന്നെ.

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ നിസ്സഹായരും ദുർബല രുമാണ്. നീ നൽകുന്ന അനുഗ്ര ഹങ്ങളെ ഞങ്ങൾ അംഗീകരിക്കു ന്നു. നീ അനുഗ്രഹിച്ചവരുടെയും ആദരിച്ചവരുടെയും പിൻഗാമിക ളാണ് ഞങ്ങൾ. നിന്റെ കഴിവു കൊണ്ടും മഹത്ത്വംകൊണ്ടും ഞങ്ങൾ നിന്നോട് സഹായം ചോ ദിക്കുന്നു. പിശാചിനോട് ഏറ്റുമു ട്ടാനും ശത്രുത പുലർത്താനും നീ ഞങ്ങളെ സഹായിക്കണം. അവ ന്റെ കെടുതികളിൽ നിന്ന് രക്ഷ നേടാനും അവന്റെ ശിർക്കിൽനി ന്ന് രക്ഷപ്പെടാനും ഞങ്ങൾ വിചാ രിക്കുന്നു; നീ ഞങ്ങളുടെ പ്രാർഥ നക്ക് ഉത്തരം നൽകുമെന്നും. നീ ഞങ്ങൾക്കു തന്ന വാഗ്ദാനത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. നീ പറ ഞ്ഞല്ലോ:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ

"നിങ്ങളുടെ രക്ഷിതാവ് പറ ഞ്ഞിരിക്കുന്നു, നിങ്ങൾ എന്നോ ട് പ്രാർഥിക്കുക. ഞാൻ ഉത്തരം നൽകാം" (40:60).

നീ കൽപിച്ച പോലെ ഞങ്ങൾ നിന്നോട് പ്രാർഥിച്ചിരിക്കുന്നു.

إِنَّكَ لَا تُخْلِفُ الْمِيعَادَ

"നീ കരാർ ലംഘിക്കുകയി ല്ല" (3:194).

84,85. (പറഞ്ഞു) അല്ലാഹു പറ ഞ്ഞു: (അപ്പോൾ സത്യം ഇതത്രെ. സത്യമേ ഞാൻ പറയുകയുള്ളൂ) സത്യം എന്റെ വിശേഷണമാണ്. സത്യം എന്റെ വാക്കും: (നിന്നെ യും അവരിൽ നിന്ന് നിന്നെ പി ന്തുടർന്ന മുഴുവൻ പേരെയും കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യും) ആദം സന്തതിക ളെക്കൊണ്ട്.

86. നബിയേ, (പറയുക: ഇതി ന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദി ക്കുന്നില്ല. ഞാൻ നാട്യക്കാരുടെ കൂട്ടത്തിലുമല്ല) എനിക്കില്ലാത്ത ഒന്ന് ഉണ്ടെന്ന് ഞാൻ വാദിക്കില്ല. എനിക്കറിവില്ലാത്തതിനെ ഞാൻ പിന്തുടരില്ല. എനിക്ക് ബോധനം നൽകപ്പെട്ടതിനെ ഞാൻ പിന്തുട രുക മാത്രമാണ് ചെയ്യുന്നത്.

87. (ഇത്) ഈ ബോധനവും ക്വുർആനും. (ലോകർക്കുള്ള ഒരുൽബോധനം മാത്രമാണ്). അവർക്ക് ഉപകാരമുള്ളതെല്ലാം അതിലുണ്ട്. ഇഹലോക നന്മയ്ക്കും ദീനിന്റെ നന്മക്കുമുള്ളത്. മനു ഷ്യർക്ക് ഉന്നതരാകാനും മാന്യത നേടാനും കഴിയുന്നതും ധിക്കാരി കൾക്ക് എതിരായ തെളിവുകളും അതിലുണ്ട്.

ഉന്നതമായ തത്ത്വങ്ങളും ഉൽ ബോധനങ്ങളും ഉൾക്കൊള്ളുന്ന മഹത്തായ ഒരധ്യായമാണിത്. ഇത് തെളിവുകളും പ്രമാണങ്ങ ളും സ്ഥാപിക്കുന്നു; ക്വുർആനിനെ യും അതുമായി വന്ന പ്രവാചകനെ യും നിഷേധിക്കുന്നവർക്കെതിരെ. നിഷ്കളങ്കരായ, അല്ലാഹുവിന്റെ ദാസന്മാരെക്കുറിച്ച് അതിൽ പറ യുന്നു; ഭക്തരുടെയും അതിരുവി ട്ടവരുടെയും പ്രതിഫലത്തെക്കുറി ച്ചും. അതുകൊണ്ടാണ് ഇതിന്റെ തുടക്കത്തിലും അവസാനത്തിലും ഉൽബോധനത്തെക്കുറിച്ച് പറഞ്ഞ ത്; ഇത് ലോകർക്കുള്ള ഉൽബോ ധനമാണെന്ന്.

സൂറത്തിനിടയിലും ഓർമപ്പെ ടുത്തലുകളുണ്ട്.

(واذكر عبدنا) (واذكر عبادنا)
(رحمة من عندنا وذكري) (هذا ذكر)

എന്നിങ്ങനെ കാണാം.

അല്ലാഹുവേ, ഞങ്ങൾക്ക് അറി വില്ലാത്തത് നീ ഞങ്ങളെ പഠിപ്പി ക്കണം. മറന്നത് ഞങ്ങളെ ഓർമി പ്പിക്കണം. അശ്രദ്ധയിൽ മറന്നതും വീഴ്ച വരുത്തി മറന്നതും.

88. (ഇതിലെ വൃത്താന്തം നിങ്ങ ൾക്ക് മനസ്സിലാവുകതന്നെ ചെയ്യും) അതായത് വിവരം. (ഒരു കാലയളവി ന് ശേഷം) ശിക്ഷ വരുമ്പോഴും രക്ഷ പ്പെടാനുള്ള മുഴുവൻ വഴികളും നി ലച്ചുപോകുമ്പോഴും.

ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ
: 98955 83026



# റമദാനിലെ ഭക്ഷണം

**നോമ്പ് തുറക്കുമ്പോൾ**

ഈത്തപ്പഴം കൊണ്ട് നോമ്പു തുറന്നതിന് ശേഷം വെള്ളമോ ജ്യൂസോ കുടിക്കുക. പഴവർഗങ്ങൾ ആവാം. മഗ്‌രിബ് നമസ്കാരാനന്തരം അരിപ്പൊടി ഭക്ഷണം കുറച്ച് കഴിച്ചതിനു ശേഷം ഇശാഅ് നമസ്കാരത്തിന് പോകുന്നതിന്ന് മുമ്പ് അൽപം ഫ്രൂട്സ് വേണമെങ്കിൽ ആവാം. ഇശാഉം തറാവീഹും കഴിഞ്ഞ ശേഷം പച്ചക്കറിക്കൂട്ടാൻ കൂട്ടി അൽപം കഞ്ഞി കുടിക്കൽ നല്ലതാണ്.

പെട്ടെന്ന് ദഹിക്കുന്നതും അന്നജസമൃദ്ധവുമായ അരിപ്പൊടി, ഗോതമ്പുപൊടി എന്നിവകൊണ്ടുണ്ടാക്കിയ നൂലപ്പം, പത്തിരി, അപ്പം, പുട്ട്, ചപ്പാത്തി എന്നിത്യാദി വിഭവങ്ങൾ പെട്ടെന്ന് ഊർജം നൽകുന്നു. എണ്ണയിൽ പൊരിച്ച പലഹാരങ്ങളും എരിവുള്ള വിഭവങ്ങളും കഴിയുന്നതും ഒഴിവാക്കുക. കാരണം അത് പുളിച്ചുതികട്ടൽ, ഗ്യാസ്ട്രബിൾ, ഛർദി, വയറുവേദന, ഏമ്പക്കം, ആമാശയവീക്കം എന്നിവക്ക് കാരണമാകും. മൈദകൊണ്ടുള്ള പൊറോട്ടയും ഖുബ്ബൂസും ഒഴിവാക്കുക.

**വെള്ളം തന്നെ പ്രധാനം**

ശരീരത്തിലെ എല്ലാ അവയവ പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമായ ജലം രക്തസമ്മർദ്ദത്തെയും രക്തചംക്രമണത്തെയും ഒരളവോളം സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ധാരാളമായി വെള്ളം കുടിക്കാൻ ശ്രദ്ധിക്കുക. ഈ വർഷത്തെ നോമ്പ് വേനലിലായതുകൊണ്ട് പകലിൽ നിർജലീകരണ സാധ്യത കൂടുതലായതിനാൽ മൂത്രച്ചൂട് ഒഴിവാക്കാൻ രാത്രി കൂടുതൽ വെള്ളം കുടിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ധാതുലവണങ്ങളും ജലാംശവുമുള്ള വത്തക്ക, പപ്പായ, പൈനാപ്പിൾ, വെള്ളരിക്ക, സപ്പോട്ട, നേന്ത്രപ്പഴം, ചെറുപഴം, ഈത്തപ്പഴം, മാങ്ങ എന്നീ പഴവർഗങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുക. നല്ല മധുരമുള്ള, പെട്ടെന്ന് ഷുഗർ കൂടുന്ന ഭക്ഷണം പ്രമേഹ രോഗികൾ ഒഴിവാക്കണം.

**ഗ്യാസ്ട്രബിളും മലബന്ധവും**

എരിവും പുളിയുമുള്ള ഭക്ഷണങ്ങളും എണ്ണക്കടികളുമൊക്കെ കാലിയായ വയറ്റിൽ കഴിക്കുന്നതു കൊണ്ടാണ് ഗ്യാസ്ട്രബിൾ കൂടുതലാകുന്നത്. ജലാംശവും നാരുമുള്ള ഭക്ഷണങ്ങൾ (പച്ചക്കറി) കുറയുന്നുതുകൊണ്ട് മലബന്ധം ഉണ്ടാകുന്നത് പതിവാണ്.

**അൽപാൽപം ഇടവിട്ട് കഴിക്കുക**

നോമ്പുതുറയോടെ തന്നെ വയറുനിറയെ തിന്നാൽ വയറുവീർക്കൽ, ഗ്യാസ്ട്രബിൾ, വയറുവേദന തുടങ്ങിയ പ്രയാസങ്ങൾ ഉണ്ടാകുമെന്ന് മാത്രമല്ല; രാത്രിയിലെ ആരാധനകളുടെ ചൈതന്യം നഷ്ടപ്പെടുമാറ് മനസ്സ് നിർജീവമാവുകയും ചെയ്യും.

**ഭക്ഷണം സമീകൃതമാക്കാൻ ശ്രമിക്കുക**

അരിപ്പൊടി വിഭവങ്ങൾക്കൊപ്പം ഇറച്ചി/മീൻ/കടല പോലുള്ളവ കഴിച്ചാൽ ആവശ്യമുള്ള പ്രോട്ടീൻ ലഭിക്കും. പച്ചക്കറി സലാഡുകളും ഉപ്പേരികളും ഉൾപ്പെടുത്തിയാൽ നാരുകളുള്ളതുകൊണ്ട് മലബന്ധം ഒഴിവാക്കാൻ കഴിയും.

**അത്താഴം**

അത്താഴം അരിഭക്ഷണത്തിൽ മാത്രം ഒതുക്കരുത്. പ്രോട്ടീൻ ഉൾപ്പെടുത്താൻ ശ്രമിക്കുക. പാലും പഴവും കഴിച്ചാൽ (ഇവ കുട്ടികൾക്ക് വളരെ നല്ലതാണ്) പ്രോട്ടീനും ജലാംശവും അന്നജവും കിട്ടും. അവിൽമിൽക് വളരെ അഭികാമ്യമാണ്. വെള്ളം ധാരാളം കുടിക്കണം. നല്ല എരിവുള്ളതും പുളിയുള്ളതുമായവ കഴിയുന്നതും ഒഴിവാക്കുക. പഴവർഗങ്ങൾ ഉൾപെടുത്തി സമീകൃതമാക്കാൻ ശ്രമിക്കുക. ചുവന്ന മുളക് ഉപയോഗിക്കുന്നതിന്ന് പകരം കുരുമുളക്, ഇഞ്ചി, വെളുത്തുള്ളി എന്നിവ ഉപയോഗിക്കുന്നത് ദഹനത്തിന് സഹായിക്കും, ഗ്യാസ്ട്രബിൾ കുറക്കും. അത്താഴം ഒരിക്കലും ഒഴിവാക്കരുത്. റമദാനിൽ ഭക്ഷണം ഹോട്ടലുകളിൽനിന്ന് കഴിക്കാതിരിക്കലാണ് നല്ലത്. ബിരിയാണി, നെയ്ച്ചോർ ഉണ്ടാക്കുന്നുവെങ്കിൽ ധാരാളം പച്ചക്കറികൾ ചേർക്കുക. പച്ചക്കറി സലാഡ് ധാരാളമായി കൂടെ കഴിക്കുക. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി

# സകാത്തിന്റെ അവകാശികൾ

"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കു ന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ടു വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്ക ന്നും മാത്രമാണ്. അല്ലാഹുവിങ്കൽനിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്"
(ക്വുർആൻ 9: 60).

## ആരാണ് സകാത്തിന്റെ അവകാശികൾ?

സകാത്തിന്റെ അഹ്‌ലുകാർ സകാത്ത് അർഹിക്കുന്നവരാണ്. അല്ലാഹു വിശുദ്ധവചനത്തിൽ എണ്ണിത്തിട്ടപ്പെടുത്തിയ എട്ടു കൂട്ടരാണവർ. അല്ലാഹു പറഞ്ഞു:

"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കു ന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ടു വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽനിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാ നുമാണ്"(ക്വുർആൻ 9: 60).

ഈ വിഭാഗങ്ങളെ കുറിച്ചുള്ള വിവരണം ഇപ്രകാരമാണ്:

*1. ഫുകറാഅ്:* 'ഫകീർ' എന്നതിന്റെ ബഹുവചനമാണിത്. തന്റെ ആവശ്യവും തന്നെ ആശ്രയിക്കുന്നവരുടെ ആവശ്യവും നികത്തുവാനുള്ള ഭക്ഷണം, പാനീയം, വസ്ത്രം, പാർപ്പിടം എന്നിവ കയ്യിലില്ലാത്തവനാണ് ഫകീർ. ഒന്നുകിൽ അവയൊന്നും അയാൾ കണ്ടെത്തുന്നില്ല. അല്ലെങ്കിൽ ആവശ്യമായതിന്റെ പകുതിയിൽ കുറഞ്ഞത് കണ്ടെത്തുന്നവനാണ്. ഫകീറിന് പൂർണമായ ഒരു വർഷത്തിനു മതിയായത് സകാത്തിൽനിന്ന് നൽകപ്പെടും.

*2. മസാകീൻ:* 'മിസ്കീൻ' എന്നതിന്റെ ബഹുവചനമാണിത്. തനിക്കു മതിയായതിന്റെ പകുതിയോ അല്ലെങ്കിൽ പകുതിയിൽ കൂടുതലോ ഉള്ളവനാണ് മിസ്കീൻ. നൂറു രൂപ കയ്യിലുണ്ടാവുകയും ഇരുന്നൂറ് രൂപക്ക് ആവശ്യക്കാരനാവുകയും ചെയ്യുവനെപോലെ. മിസ്കീനിനും ഒരു വർഷത്തിനു മതിയായത് സകാത്തിൽനിന്നു നൽകപ്പെടും.

*3. ആമിലൂൻ(ജോലിക്കാർ):* 'ആമിൽ' എന്നതിന്റെ ബഹുവചനമാണ് 'ആമിലൂൻ.' സകാത്ത് വസൂലാക്കുവാനായി ഭരണാധികാരി നിയോഗിക്കുന്ന വ്യക്തിയാണ് ആമിൽ. അയാളുടെ പോക്കുവരവിന്റെ കാലമത്രയും അയാൾക്കു മതിയായത് സകാത്തിൽനിന്ന് ഭരണാധികാരി നൽകണം; അയാൾ ധനികനാണെങ്കിലും ശരി. കാരണം അയാൾ ഈ ജോലിക്കുവേണ്ടി ഒഴിഞ്ഞിരിക്കുകയാണ്. സകാത്ത് പിരിക്കുവാനും അതിന്റെ എഴുത്തുകുത്ത് നടത്തുവാനും അതിനു കാവൽ നിൽക്കുവാനും അതിന്റെ അർഹർക്ക് അതു വീതിക്കുവാനും പണിയെടുക്കുന്നവരെല്ലാം 'ആമിലൂൻ' എന്നതിൽ ഉൾപ്പെട്ടു.

*4. മുഅല്ലഫതുൽക്വുലൂബ്:* സകാത്തിൽനിന്ന് നൽകപ്പെടുന്ന ഒരു വിഭാഗമാകുന്നു ഇവർ. അവിശ്വാസികളാണെങ്കിൽ ഇസ്‌ലാമിലേക്ക് അവരുടെ ഹൃദയങ്ങൾ ഇണക്കപ്പെടുവാനും തങ്ങളുടെ ആരാധനകളിൽ അലംഭാവമുള്ള ദുർബല വിശ്വാസികളാണെങ്കിൽ അവരുടെ വിശ്വാസമുറപ്പിക്കുവാനുമാണ് അവർക്ക് സകാത്തു നൽകുന്നത്. നൽകപ്പെടുന്നവരുടെ ഉറ്റവർക്ക് ഇസ്‌ലാമിലേക്കു താൽപര്യം ജനിക്കുവാനോ അല്ലെങ്കിൽ അവരുടെ സഹായമോ ഉപദ്രവം നിറുത്തലോ പ്രതീക്ഷിച്ചുമാണ് അവർക്കു സകാത്ത് നൽകുന്നത്.




*5. രികാബ്:* 'റക്വബതി'ന്റെ ബഹുവചനമാണിത്. മുസ്‌ലിമായ അടിമയോ അടിമസ്ത്രീയോ ആണ് ഉദ്ദേശ്യം. സകാത്തു മുതലുകൊണ്ട് അടിമ വിലക്കുവാങ്ങിക്കപ്പെടുകയും മോചിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. മോചനപത്രം എഴുതപ്പെട്ട അടിമയാണെങ്കിൽ എഴുത്തനുസരിച്ചുള്ള ഘഡുക്കൾ അടച്ചുവീട്ടുവാൻ സകാത്തിൽനിന്നു നൽകപ്പെടണം. അതിലൂടെ അടിമ ഇടപാടുകളിൽ സ്വാതന്ത്ര്യമു ള്ളവനും സമൂഹത്തിൽ ഉപകരിക്കുന്ന അംഗവും ആയിത്തീരുന്നതിനുവേണ്ടിയും പരിപൂർണമായ നിലക്ക് അല്ലാഹുവിനു ഇബാദത്തെടുക്കുവാൻ അയാൾക്കു സാധിക്കുന്നതിനു വേണ്ടിയുമാണ്. ഇപ്രകാരമാണ് മുസ്‌ലിമായ ബന്ധി. സകാത്തുമുതൽകൊണ്ട് അയാൾ ശത്രുക്കളിൽനിന്ന് മോചിപ്പിക്കപ്പെടണം.

*6. ഗാരിമൂൻ:* (കടബാധ്യതയുള്ളവർ) 'ഗാരിം' എന്നതിന്റെ ബഹുവചനമാണ് 'ഗാരിമൂൻ.' അല്ലാഹുവിനോട് തെറ്റാകാത്ത വിഷയത്തിൽ കടഭാരം ഏൽക്കേണ്ടി വന്നവനാണത്. അനുവദനീയമായ വിഷയത്തിൽ സ്വന്തത്തിനുവേണ്ടി കടംകൊണ്ടാലും പിണക്കമുള്ളവർക്കിടയിൽ രഞ്ജിപ്പ് (സ്വുൽഹ്) ഉണ്ടാക്കുവാൻ മറ്റുള്ളവർക്കു വേണ്ടി കടം കൊണ്ടാലും തുല്യമാണ്. തന്റെ കടം വീട്ടുവാനാവശ്യമായത് സകാത്തിൽനിന്ന് അയാൾക്കു നൽകപ്പെടണം. ജനങ്ങൾക്കിടയിൽ സ്വുൽഹുണ്ടാക്കുന്നതിനുവേണ്ടി കടം കൊണ്ടവനും സകാത്തിൽനിന്നു നൽകപ്പെടണം; അയാൾ ധനികനായാലും ശരി.

*7. ഫീ സബീലില്ലാഹ്:* അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധംചെയ്യുന്ന, സ്വയം സന്നദ്ധരായവരും ബയ്തുൽമാലിൽനിന്നു ശമ്പളം പറ്റാത്തവരുമായ യോദ്ധാക്കളാണ് ഫീ സബീലില്ലാഹ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അവർ ധനികരായാലും ദരിദ്രരായാലും സകാത്തിൽനിന്ന് നൽകപ്പെടണം.

*8. ഇബ്നുസ്സബീൽ:* തന്റെ നാടു വിടുകയും നാട്ടിലേക്കുള്ള യാത്ര തുടർത്തുവാൻ സമ്പത്ത് ആവശ്യമായി വരുന്നവനുമാണ് ഇബ്നുസ്സബീൽ.

### സകാത്ത് നൽകപ്പെടുവാൻ പാടില്ലാത്തവർ

സകാത്ത് നൽകൽ അനുവദനീയമല്ലാത്ത വിഭാഗങ്ങൾ താഴെ പറയുന്നവരാണ്:

*1. ധനികന്മാരും സമ്പാദിക്കുവാൻ കഴിവുള്ളവരും:* തിരുനബി(സ്വ) പറഞ്ഞു: "ധനികനും അധ്വാനിക്കുവാൻ കെൽപ്പുള്ളവനും സകാത്തിൽ യാതൊരു വിഹിതവുമില്ല." എന്നാൽ മുമ്പു വിവരിച്ചതുപോലെ സകാത്തിനുവേണ്ടി ജോലി ചെയ്യുന്നവനും കടബാധ്യതയുള്ളവനും ധനികനാണെങ്കിലും സകാത്തിൽ നിന്നുനൽകപ്പെടും. അധ്വാനിക്കുവാൻ ശേഷിയുള്ളവൻ മതവിജ്ഞാനം നേടുന്നതിന് ഒഴിഞ്ഞിരിക്കുന്നവനും സമ്പത്തില്ലാത്തവനുമാണെങ്കിൽ അവനും സകാത്തിൽനിന്ന് നൽകപ്പെടും. കാരണം, മതവിജ്ഞാനം തേടൽ അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണ്. എന്നാൽ അധ്വാനിക്കുവാൻ ശേഷിയുള്ളവൻ ആബിദാവുകയും (ആരാധനക്കു ഒഴിഞ്ഞിരിക്കുന്നവൻ) ഐച്ഛിക കർമങ്ങൾക്ക് ഒഴിഞ്ഞിരിക്കുവാൻ ജോലി ഉപേക്ഷിക്കുകയും ചെയ്താൽ അയാൾക്കു സകാത്തിൽനിന്നു നൽകപ്പെടാവതല്ല. കാരണം വിജ്ഞാനത്തിൽനിന്ന് വ്യത്യസ്തമായി ഇബാദത്തിന്റെ പ്രയോജനം ആബിദിൽ പരിമിതമാണ്.

*2. ഉസ്വൂൽ (മാതാപിതാക്കൾ), ഫുറൂഅ് (മക്കൾ), ഭാര്യ എന്നിങ്ങനെ തന്റെമേൽ ചെലവുനൽകൽ നിർബന്ധമായവർ:* പിതാക്കൾ, മാതാക്കൾ, പിതാമഹന്മാർ, മാതൃമഹതികൾ, മക്കൾ, മക്കളുടെ മക്കൾ പോലുള്ള; ഒരു മുസ്‌ലിം ചെലവുകൊടുക്കൽ നിർബന്ധമായവർക്ക് തന്റെ സകാത്തു നൽകൽ അനുവദനീയമല്ല. കാരണം അവർക്കു സകാത്തു നൽകുന്നതിലൂടെ തന്റെമേൽ നിർബന്ധമായ ചെലവുകളെതൊട്ട് അവരെ അവൻ ധന്യരാക്കുകയും തന്റെ മേലുള്ള ബാധ്യത ഇല്ലാതാക്കുകയും ചെയ്യും. അതിൽപിന്നെ സകാത്തിന്റെ ഫലം അയാളിലേക്കുതന്നെ മടങ്ങുകയും അയാൾ സ്വന്തത്തിനു സകാത്ത് നൽകിയതു പോലെയാവുകയും ചെയ്യും.

*3. മുഅല്ലഫുകളല്ലാത്ത (മനസ്സ് ഇണക്കപ്പെടാത്ത) അവിശ്വാസികൾ:* നബി(സ്വ) പറഞ്ഞു: "സകാത്ത് അവരിലെ ധനികന്മാരിൽ നിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ തന്നെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം." അഥവാ, മുസ്‌ലിംകളിലെ ധനികന്മാരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം. മറ്റുള്ളവരിൽനിന്നോ മറ്റുള്ളവരിലേക്കോ അല്ല. കാരണം, മുസ്‌ലിംകളിലെ അഗതികളെ ധന്യരാക്കലും മുസ്‌ലിം സമൂഹത്തിലെ വ്യക്തികൾക്കിടയിൽ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സ്തംഭങ്ങളെ നിലയുറപ്പിക്കലും സകാത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടതാണ്.

ഈ വിഭാഗമാളുകൾക്ക് സകാത്തു നൽകൽ അനുവദനീയമല്ലെന്ന് അറിവുള്ളതോടൊപ്പം വല്ലവനും അവർക്കു സകാത്തു നൽകിയാൽ അവൻ കുറ്റക്കാരനായി. എന്നാൽ ഐച്ഛികമായ ദാനധർമങ്ങളും സഹായങ്ങളും നൽകുന്നതിൽ വിശ്വാസികളെയും അവിശ്വാസികളെയുമൊക്കെ പരിഗണിക്കണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

> മുസ്‌ലിംകളിലെ ധനികന്മാരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം. മറ്റുള്ളവരിൽനിന്നോ മറ്റുള്ളവരിലേക്കോ അല്ല. കാരണം, മുസ്‌ലിംകളിലെ അഗതികളെ ധന്യരാക്കലും മുസ്‌ലിം സമൂഹത്തിലെ വ്യക്തികൾക്കിടയിൽ സാഹോദര്യത്തിന്റെയും സ്നേഹത്തിൻെറയും സ്തംഭങ്ങളെ നിലയുറപ്പിക്കലും സകാത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടതാണ്.

### സകാത്തു വീതിക്കുമ്പോൾ ഈ എട്ടു വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ നിബന്ധനയാണോ?

സകാത്തു വീതിക്കുമ്പോൾ പരാമർശിക്കപ്പെട്ട എട്ടു വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ നിബന്ധനയല്ല എന്നതാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ ശരിയായത്. പ്രത്യുത, എട്ടിൽ ഏതു വിഭാഗത്തിനു നൽകിയാലും അത് അനുവദനീയമാണ്. അല്ലാഹു പറഞ്ഞു:

"നിങ്ങൾ ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതുതന്നെ. എന്നാൽ നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് കൊടുക്കുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം" (ക്വുർആൻ 2: 271).

തിരുനബി(സ്വ) പറഞ്ഞു: "സകാത്ത് അവരിലെ ധനികന്മാരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെതന്നെ അഗതികളിലേക്ക് തിരിച്ചു നൽകപ്പെടുകയും ചെയ്യണം." ക്വബയ്സ്വ(റ)യോട് തിരുമേനി (സ്വ) പറഞ്ഞു: "സകാത്തു മുതൽ വരുന്നതുവരെ താങ്കൾ നമ്മുടെ അടുക്കൽ താമസിക്കുക. അതിൽനിന്നു താങ്കൾക്കു നൽകുവാൻ ഞാൻ കൽപിക്കാം."

ഈ തെളിവുകളെല്ലാം 'ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും... മാത്രമാണ്' (ക്വുർആൻ 9: 60) എന്ന വചനത്തിന്റെ ഉദ്ദേശ്യം സകാത്തിന്റെ അവകാശികളെ വിവരിക്കലാണെന്നും സകാത്ത് വീതിക്കുമ്പോ ൾഅവകാശികളെ മൊത്തത്തിലുൾക്കൊള്ളിക്കലല്ലെന്നും അറിയിക്കുന്നു.

### സകാത്ത് മറ്റൊരു നാട്ടിലേക്കു കൊണ്ടുപോകൽ

ആവശ്യമെങ്കിൽ സകാത്ത് മറ്റൊരു നാട്ടിലേക്ക് - പ്രസ്തുത നാട് അടുത്തതാകട്ടെ അകന്നതാകട്ടെ - കൊണ്ടുപോകൽ അനുവദനീയമാകുന്നു. ആ നാട് കൂടുതൽ ദരിദ്രമാവുക, അല്ലെങ്കിൽ സകാത്തു നൽകുന്നവന് വിദൂരമായ നാട്ടിൽ തന്റെ നാട്ടിലെ അഗതികളെപ്പോലെ അഗതികളായ ബന്ധുക്കളുണ്ടാവുക പോലുള്ള ആവശ്യങ്ങളാൽ സകാത്തു മറുനാട്ടിൽ വിതരണമാകാവുന്നതാണ്. സകാത്ത് ബന്ധുക്കൾക്ക് നൽകുമ്പോൾ അതിൽ സകാത്ത് നൽകുക, കുടുംബബന്ധം ചാർത്തുക എന്നീ പുണ്യങ്ങൾ കരഗതമാക്കലുമുണ്ട്. സകാത്ത് മറ്റൊരു നാട്ടിലേക്കു കൊണ്ടുപോകാമെന്ന അഭിപ്രായമാകുന്നു സ്വഹീഹായത്. വിശുദ്ധ വചനത്തിന്റെ പൊതുപ്രയോഗം അതാണറിയിക്കുന്നത്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

ഡോ. ടി. കെ. യൂസുഫ്
: 9349798262

# ദാനധർമത്തിന്റെ സദ്ഫലങ്ങൾ




അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സൽകർമങ്ങളിൽ ഒന്നായ ദാനധർമത്തിന് ഐഹികവും പാരത്രികവുമായ ഒട്ടേറെ നേട്ടങ്ങളുണ്ട്. പരീക്ഷണങ്ങളെ തടയാനുള്ള ഒരു രക്ഷാകവചമായി ഇസ്‌ലാം പഠിപ്പിക്കുന്നത് ദാനധർമങ്ങളുടെ നിർവഹണമാണ്.

നബി(സ്വ) പറഞ്ഞു: “നിങ്ങൾ ദാനധർമങ്ങൾ നേരത്തെ ചെയ്യുക. കാരണം പരീക്ഷണം ദാനധർമത്തെ താണ്ടിക്കടക്കുകയില്ല” (ബൈഹകി).

> ദാനധർമങ്ങൾ അത് നൽകുന്ന വ്യക്തികളുടെ മനസ്സിന് അനിർവചനീയമായ ഒരു സംതൃപ്തി പ്രദാനം ചെയ്യുന്നുണ്ട്. ഇക്കാരണം കൊണ്ടാണ് പരലോകത്തെ പ്രതിഫലത്തിൽ വിശ്വാസമില്ലാത്തവരും ദാനധർമങ്ങളിലും ജീവ കാരുണ്യ പ്രവർത്തനങ്ങളിലും മുഴുകുന്നത്. പുണ്യം മനസ്സിന് സമാധാനം ഉണ്ടാക്കുന്നതാണെന്ന് പ്രവാചകനും പ്രസ്താവിച്ചിട്ടുണ്ട്. പാരത്രികമായി ദാനധർമത്തിന് അനവധി നേട്ടങ്ങളുണ്ട്. പാപങ്ങൾ തുടച്ചുനീക്കാൻ അതിലൂടെ സാധ്യമാകും.

പരീക്ഷണങ്ങൾ കടന്നുവരുന്നതിനെ തടയാനുള്ള ഒരു തടസ്സമായിട്ടാണ് പ്രവാചകൻ(സ്വ) സ്വദഖയെ ഉപമിക്കുന്നത്. അതിനെ താണ്ടിക്കടന്ന് നമ്മിലേക്ക് വരാൻ പരീക്ഷണത്തിനാകുകയില്ലെന്നാണ് ഈ തിരുവചനം വ്യക്തമാക്കുന്നത്. തിന്മകളെ തടയാൻ സ്വദഖയിലൂടെ സാധിക്കുമെന്ന് മറ്റൊരു ഹദീസും സൂചിപ്പിക്കുന്നുണ്ട്, നബി(സ്വ) പറഞ്ഞു: “ദാനധർമം തിന്മയുടെ എഴുപത് കവാടങ്ങളെ തടയുന്നു” (ത്വബ്റാനി).

തിന്മകളിൽനിന്ന് മോചനം നേടാൻ മാത്രമല്ല, നാം ഏറെ ഭയപ്പെടുന്ന ദുർമരണത്തിൽനിന്നും

രക്ഷപ്പെടുന്നതിനുള്ള മാർഗവുമാണ് സ്വദഖ. നബി(സ്വ) പറഞ്ഞു: "തീർച്ചയായും സ്വദഖ രക്ഷിതാവിന്റെ കോപത്തെ കെടുത്തുന്നു, ദുർമരണത്തെ തടയുന്നു" (തിർമുദി).

തിന്മകളെയും പരീക്ഷണങ്ങളെയും ദുർമരണത്തെയും തടയാൻ മാത്രമല്ല; രോഗങ്ങളെ തടയാനും ദാനധർമം ഉപകരിക്കും.

നബി(സ്വ) പറഞ്ഞു: "നിങ്ങളുടെ രോഗികളെ നിങ്ങൾ സ്വദഖകൊണ്ട് ചികിത്സിക്കുക. നിങ്ങളുടെ സമ്പത്തിനെ നിങ്ങൾ സകാത്തുകൊണ്ട് സംരക്ഷിക്കുക. പരീക്ഷണത്തിന് നിങ്ങൾ പ്രാർഥനകൊണ്ട് സജ്ജമാകുക" (ബൈഹഖി).

ദാനധർമങ്ങൾ അത് നൽകുന്ന വ്യക്തികളുടെ മനസ്സിന് അനിർവചനീയമായ ഒരു സംതൃപ്തി പ്രദാനം ചെയ്യുന്നുണ്ട്. ഇക്കാരണം കൊണ്ടാണ് പരലോകത്തെ പ്രതിഫലത്തിൽ വിശ്വാസമില്ലാത്തവരും ദാനധർമങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും മുഴുകുന്നത്. പുണ്യം മനസ്സിന് സമാധാനം ഉണ്ടാക്കുന്നതാണെന്ന് പ്രവാചകനും പ്രസ്താവിച്ചിട്ടുണ്ട്. പാരത്രികമായി ദാനധർമത്തിന് അനവധി നേട്ടങ്ങളുണ്ട്. പാപങ്ങൾ തുടച്ചുനീക്കാൻ അതിലൂടെ സാധ്യമാകും.

നബി(സ്വ) പറഞ്ഞു: "നിങ്ങൾ ഒരു ഈത്തപ്പഴം കൊണ്ടെങ്കിലും ദാനം ചെയ്യുക. കാരണം, അത് വിശക്കുന്നവന് ശമനം നൽകുകയും പാപങ്ങൾ കെടുത്തിക്കളയുകയും ചെയ്യും; വെള്ളം തീ കെടുത്തുന്നത് പോലെ" (ജാമിഉസ്സഗീർ). നിസ്സാര വസ്തുവും ദാനമായി നൽകാം എന്നാണ് ഈ ഹദീസ് സൂചിപ്പിക്കുന്നത്.

സകാത്തിനെ സംബന്ധിച്ചിടത്തോളം, ഒരു നിശ്ചിത വരുമാനമുള്ളവൻ ഒരു കൃത്യമായ വിഹിതം മാത്രമെ നൽകേണ്ടതുള്ളൂ. സ്വദഖ ഒരു വ്യക്തിയുടെ കഴിവും മനഃസ്ഥിതിയും അനുസരിച്ച് എത്ര കുറവായാലും കൂടുതലായാലും നൽകാവുന്നതാണ്. ഉമർ(റ) സമ്പത്തിന്റെ പകുതിയും അബൂബക്ർ(റ) സമ്പത്ത് മുഴുവനും ദാനം നൽകിയ സംഭവം പ്രസിദ്ധമാണ്. ഇല്ലാത്തവൻ പ്രയാസപ്പെട്ട് കൊടുക്കുമ്പോൾ അത് കൂടുതൽ മഹത്തരമായിത്തീരും.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഏത് ദാന ധർമമാണ് ഏറ്റവും ഉത്തമം?" നബി(സ്വ) പറഞ്ഞു: "കുറവുള്ളവന്റെ പരിശ്രമം. നിന്റെ ആശ്രിതരിൽ നിന്ന് നീ ആരംഭിക്കുക" (ഇബ്നു ഖുസൈമ).

ദാനധർമമായി ഭക്ഷണപാനീയങ്ങളോ വസ്ത്രമോ നൽകുകയാണെങ്കിൽ അവയ്ക്ക് മഹത്തായ പ്രതിഫലം പരലോകത്ത് ലഭ്യമാകും.

നബി(സ്വ) പറഞ്ഞു: "ഏതെങ്കിലും ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് വിശപ്പിന് ഭക്ഷണം നൽകിയാൽ അന്ത്യദിനത്തിൽ അല്ലാഹു അവന് സ്വർഗത്തിലെ ഫലങ്ങളിൽ നിന്ന് ഭക്ഷണം നൽകും. ഏതെങ്കിലും ഒരു വിശ്വസി മറ്റൊരു വിശ്വാസിയുടെ ദാഹത്തിന് വെള്ളം നൽകിയാൽ അല്ലാഹു അന്ത്യദിനത്തിൽ സ്വർഗീയ പാനീയത്തിൽനിന്നും അവനെ കുടിപ്പിക്കും. ഏതെങ്കിലും ഒരു വിശ്വാസി മറ്റൊരു വിശ്വാസിയുടെ നഗ്നതക്ക് ധരിപ്പിച്ചാൽ അല്ലാഹു സ്വർഗീയ ഹരിതപ്പട്ട് അവനെ ധരിപ്പിക്കും" (അഹ്മദ്).

അന്ത്യദിനത്തിൽ അർശിന്റെ തണൽ ലഭിക്കുന്ന ഏഴ് വിഭാഗത്തിൽ ഒന്ന് രഹസ്യമായി ദാനം ചെയ്യുന്നവനാണ്.

"ഒരാൾ ഒരു ദാനധർമം നൽകി, എന്നിട്ട് അത് മറച്ചുവെച്ചു. വലതു കൈ ചെലവഴിച്ചത് ഇടതുകൈ അറിയാത്തവണ്ണം" (ബുഖാരി).

സ്വദഖ ചെയ്യുന്നവർക്ക് പ്രവേശിക്കുന്നതിനായി സ്വർഗത്തിൽ ഒരു പ്രത്യേക കവാടം തന്നെയുണ്ടെന്നും ഹദീസുകളിൽ കാണാം.

സമ്പത്ത് ദാനമായി നൽകിയാൽ അതിൽ കുറവ് വരുമെന്ന ഭീതിയാണ് പലരെയും സ്വദഖയിൽനിന്ന് പിന്തിരിപ്പിക്കുന്നത്. എന്നാൽ സ്വദഖ ഒരിക്കലും ധനത്തിൽ കുറവ് വരുത്തുകയില്ല.

നബി(സ്വ) പറഞ്ഞു: "സ്വദഖ സമ്പത്തിന് ഒരു കുറവും വരുത്തുകയില്ല. വിട്ടുവീഴ്ച ചെയ്യുന്ന ദാസന് അല്ലാഹു പ്രതാപമല്ലാതെ വർധിപ്പിക്കുകയില്ല, അല്ലാഹുവിന് വേണ്ടി ആർ വിനയം കാണിച്ചാലും അല്ലാഹു അവനെ ഉയർത്താതിരിക്കില്ല" (മുസ്‌ലിം).

ചെലവഴിക്കുന്നവർക്ക് വേണ്ടി അല്ലാഹു ചെലവഴിക്കുമെന്ന് ഒരു ഖുദ്സിയായ ഹദീസിൽ കാണാം.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദം, നബി(സ്വ) പറഞ്ഞു: "അല്ലാഹു പറഞ്ഞു: 'ആദമിന്റെ പുത്രാ! നീ ചെലവഴിക്കൂ, നിന്റെ മേൽ ഞാൻ ചെലവഴിക്കും'' (ബുഖാരി).

ചെലവഴിക്കുന്നവർക്ക് പകരം നൽകാൻ മലക്കുകൾ ദിനേന പ്രാർഥിച്ചു കൊണ്ടിരിക്കുമെന്ന ഹദീസ് പ്രസിദ്ധമാണ്. നമ്മൾ എന്തു ചെലവഴിച്ചാലും അല്ലാഹു അതിന് പകരം നൽകുമെന്ന് ഖുർആൻ വാഗ്ദാനം ചെയ്യുന്നുണ്ട്:

"നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും, താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ" (സബഅ് 39). ■

സമീർ മുണ്ടേരി



# സ്രഷ്ടാവ് വെറുക്കുന്ന ചില കാര്യങ്ങൾ

'കുഫ്ർ' (അവിശ്വാസം) എന്നത് 'ഈമാനി'ന്റെ (വിശ്വാസം) വിപരീത പദമാണ്. അതാണ് മുകളിൽ പറഞ്ഞ വചനത്തിൽ ഉദ്ദേശിക്കപ്പെടുന്നത്. നന്മയും അനുഗ്രഹവും നിഷേധിക്കുക എന്ന അർഥത്തിൽ ഇത് ഉപയോഗിക്കും. 'കുഫ്ർ' എന്ന പദത്തിന്റെ ഭാഷാർഥം 'മറച്ചുവെക്കുക,' 'മൂടിവെക്കുക' എന്നൊക്കെയാണ്. എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനെ അംഗീകരിക്കാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്നത് ഏറ്റവും വലിയ കുഫ്റാണ്. അങ്ങനെയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

നമ്മെ ആരും വെറുക്കുന്നത് നാം ഇഷ്ടപ്പെടുന്നില്ല. എല്ലാവരും സ്നേഹിക്കണം എന്നാണ് നമ്മുടെയൊക്കെ ആഗ്രഹം. മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കാതിരിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നവരാണ് നാം. മറ്റുള്ളർവർക്ക് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കി തിരുത്താൻ നമ്മൾ തയ്യാറുമാണ്.

ആളുകളോട് നല്ല കാര്യങ്ങൾ ഉപദേശിക്കുകയും അവ സ്വജീവിതത്തിൽ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്ന വിഷയമാണ്. ഏകദൈവാരാധനയെ കുറിച്ച് പറയുകയും സമാധാനത്തിനുള്ള മാർഗം ഏകദൈവത്തിലേക്കടുക്കലാണെന്ന് പ്രബോധനം ചയ്യുകയും സ്വന്തം ജീവിതത്തിൽ സമാധാനം ലഭിക്കാൻ വേണ്ടി ജാറങ്ങളും ദർഗകളും സന്ദർശിച്ച് അവിടെ ആവലാതികൾ ബോധിപ്പിക്കുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

എന്നാൽ വിശ്വാസികളായ നാം നമ്മുടെ രക്ഷിതാവ് നമ്മെ വെറുക്കരുത് എന്നാഗ്രഹിക്കുകയും അവൻ വെറുക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി അവ ജീവിതത്തിൽനിന്ന് ഒഴിവാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ടോ?

നബി(സ്വ)യുടെ ഒരു പ്രാർഥന കാണുക: സിയാദ്ബ്നു ഇലാഖ തന്റെ പിതൃവ്യനിൽനിന്ന് നിവേദനം ചെയ്യുന്നു; നബി(സ്വ) ഇപ്രകാരം പറയാറുണ്ടായിരുന്നു: "അല്ലാഹുവേ, മോശമായ പ്രവൃത്തികളിൽ നിന്നും സ്വഭാവത്തിൽനിന്നും ഇച്ഛകളിൽനിന്നും ഞാൻ നിന്നോട് ശരണം തേടുന്നു" (തിർമിദി).

മോശമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ പ്രവൃത്തികൾ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന ചില കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്:

**അവിശ്വാസം**

സ്രഷ്ടാവിനോട് കാണിക്കുന്ന നന്ദികേടാണ് അവിശ്വാസം. അതിനാൽ അവിശ്വാസികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല: "പറയുക, നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അവിശ്വാസികളെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (ആലുഇംറാൻ 32).

'കുഫ്ർ' (അവിശ്വാസം) എന്നത് 'ഈമാനി'ന്റെ (വിശ്വാസം) വിപരീത പദമാണ്. അതാണ് മുകളിൽ പറഞ്ഞ വചനത്തിൽ ഉദ്ദേശിക്കപ്പെടുന്നത്. നന്മയും അനുഗ്രഹവും നിഷേധിക്കുക എന്ന അർഥത്തിൽ ഇത് ഉപയോഗിക്കും. 'കുഫ്ർ' എന്ന പദത്തിന്റെ ഭാഷാർഥം 'മറച്ചുവെക്കുക,' 'മൂടിവെക്കുക' എന്നൊക്കെയാണ്. എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനെ അംഗീകരിക്കാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്നത് ഏറ്റവും വലിയ കുഫ്റാണ്. അങ്ങനെയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

**അക്രമം**

"...അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല" (ആലുഇംറാൻ: 140).

ഏറ്റവും വലിയ അക്രമം ബഹുദൈവാരാധനയാണ്. അല്ലാഹു പറയുന്നു: "ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാ



കുന്നു" (ലുക്മാൻ: 13).

അല്ലാഹുവിൽ പങ്കുചേർക്കുന്നത് സ്വർഗം നിഷിദ്ധമാക്കുകയും നരകം ഉറപ്പാക്കുകയും ചെയ്യുന്ന പ്രവർത്തനമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ലോകത്ത് വന്ന മുഴുവൻ പ്രവാചകന്മാരും ഇക്കാര്യമാണ് പ്രഥമമായി ജനങ്ങളെ ഉപദേശിച്ചത്.

**അതിരുകവിയൽ**

"സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ചുതന്ന വിശിഷ്ട വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്. നിങ്ങൾ പരിധി ലംഘിക്കുകയും ചെയ്യരുത്. പരിധി ലംഘിക്കുന്നവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുകയില്ല" (അൽമാഇദ: 67).

ആരാധനയിലും ഭക്ഷിക്കുന്നതിലും ചെലവഴിക്കുന്നതിലുമൊന്നും അതിരുകവിയാൻ പാടില്ല. എല്ലാറ്റിലും മിതത്വം പാലിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

"...നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അൽഅഅ്റാഫ്: 31).

**കുഴപ്പം**

"അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിളനശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. കുഴപ്പം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല" (അൽബക്വറ: 205).

"...അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (അൽമാഇദ: 64).

കുടുംബത്തിൽ, സമൂഹത്തിൽ, പ്രസ്ഥാനങ്ങളിൽ, കലാലയങ്ങളിൽ, രാജ്യങ്ങളിൽ... എവിടെയും കുഴപ്പമുണ്ടാക്കുന്നവരെ നാം കാണുന്നു. അരാജകത്വം സൃഷ്ടിക്കുക എന്നത് ചിലർക്ക് ഹരമാണ്. "...കുഴപ്പം കൊലയെക്കാൾ ഗുരുതരമാകുന്നു..." (2:217) എന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നത് ചിന്താർഹമാണ്.

**വഞ്ചന**

"തീർച്ചയായും സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹു പ്രതിരോധം ഏർപെടുത്തുന്നതാണ്. നന്ദികെട്ട വഞ്ചകരെയൊന്നും അല്ലാഹു ഇഷ്ടപ്പെടുകയില്ല; തീർച്ച" (അൽഹജ്ജ്: 38).

മുഹമ്മദ് നബി(സ്വ) പറഞ്ഞു: "വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല" (മുസ്‌ലിം).

വഞ്ചന വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലുമെല്ലാമുണ്ട്. വിശ്വസ്തതയുടെ വിപരീതമാണത്. നനഞ്ഞ ഗോതമ്പ് അടിയിൽ വെച്ച് ഉണങ്ങിയത് മുകളിലിട്ട് കച്ചവടം നടത്തിയവനോട് ഇത് വഞ്ചനയാണെന്നും വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ലായെന്നും നബി(സ്വ) പറഞ്ഞ സംഭവം പ്രസിദ്ധമാണ്.

**അഹങ്കാരം**

"അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുകയില്ല; തീർച്ച" (അന്നഹ്ൽ: 23).

"നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല" (ലുക്മാൻ: 18).

നബി(സ്വ) പറഞ്ഞു: "ആരുടെ മനസ്സിലാണോ അണുമണിത്തൂക്കം അഹങ്കാരമുള്ളത് അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (മുസ്‌ലിം).

നല്ല വസ്ത്രവും നല്ല ചെരിപ്പും ധരിക്കുന്നത് അഹങ്കാരമാണോ എന്ന് ചോദിച്ച അനുചരനോട് നബി(സ്വ) പറഞ്ഞത് 'അല്ലാഹു ഭംഗിയുള്ളവനാണ്. അവൻ ഭംഗിയെ ഇഷ്ടപ്പെടുന്നു. അഹങ്കാരം എന്നത് സത്യത്തെ നിഷേധിക്കലും ജനങ്ങളെ നിന്ദ്യരായി കാണലുമാണ്' (മുസ്‌ലിം) എന്നാണ്.

പിശാച് അഹങ്കാരിയായതിനാലാണ് ആദമിന് സുജൂദ് ചെയ്യാൻ വിസമ്മതിച്ചത്. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കണം എന്ന് പറഞ്ഞാൽ സത്യനിഷേധികൾ നൽകുന്ന മറുപടി ക്വുർആൻ പറഞ്ഞുതരുന്നു: "അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു" (സ്വാഫ്ഫാത്ത്: 35).

**പ്രവർത്തിക്കാത്തതു പറയൽ**

അല്ലാഹു പറയുന്നു: "ഹേ വിശ്വസിച്ചവരേ, നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുന്നത് എന്തിനു വേണ്ടിയാണ്? നിങ്ങൾ ചെയ്യാത്തത് പറയുക എന്നത് അല്ലാഹുവിങ്കൽ വളരെ വലിയ ക്രോധകരമായിട്ടുള്ളതാണ്" (അസ്സ്വഫ്ഫ്: 2,3).

ആളുകളോട് നല്ല കാര്യങ്ങൾ ഉപദേശിക്കുകയും അവ സ്വജീവിതത്തിൽ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്ന വിഷയമാണ്. ഏകദൈവാരാധനയെ കുറിച്ച് പറയുകയും സമാധാനത്തിനുള്ള മാർഗം ഏകദൈവത്തിലേക്കടുക്കലാണെന്ന് പ്രബോധനം ചെയ്യുകയും സ്വന്തം ജീവിതത്തിൽ സമാധാനം ലഭിക്കാൻ വേണ്ടി ജാറങ്ങളും ദർഗകളും സന്ദർശിച്ച് അവിടെ ആവലാതികൾ ബോധിപ്പിക്കുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ■

ഇബ്നു അലി എടത്തനാട്ടുകര



# നോമ്പ്; പട്ടിണിയും ധൂർത്തും

ഒരു കാരക്ക കഷ്ണങ്ങളാക്കി അതുകൊണ്ട് രണ്ടോ മൂന്നോ പേർ നോമ്പു തുറന്നിരുന്ന കാലം ഓർമയുണ്ട്. കുട്ടിക്കാലത്ത്, വല്ലപ്പോഴും കിട്ടുന്ന ഈത്തപ്പഴം തിന്നതിന്റെ കുരു, വളപ്പൊട്ടുപോലെ സൂക്ഷിച്ച് വെച്ചിരുന്നത് മറന്നിട്ടില്ല.

നോമ്പുതുറ ഇന്ന് ഒരു മത്സര വേളയായി മാറിയിരിക്കുന്നുവോ? സംഘടനകളും പള്ളികളും നടത്തുന്ന ഇഫ്താറുകളിൽ സാധാരണക്കാർക്ക് ഇടം ലഭിക്കുമെങ്കിലും സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ നോമ്പുതുറ സംഘടിപ്പിക്കുമ്പോൾ അത്തരക്കാരുടെ സാന്നിധ്യം തുലോം കുറവാണ്.

വിഭവ സമൃദ്ധിയാണ് ഇഫ്താറുകളുടെ കാഴ്ച. പലയിനം ഈത്തപ്പഴങ്ങളാണ് നോമ്പുതുറ മേശയിൽ ലഭ്യമാകുന്നത്. നാരങ്ങ വെള്ളമോ വല്ലപ്പോഴും ഉണ്ടാക്കുന്ന തരിക്കഞ്ഞിയോ ആയിരുന്നു പണ്ടത്തെ സ്പെഷ്യൽ. ഇന്ന് ഏതെല്ലാം തരത്തിലുള്ള ജ്യൂസുകളാണ് ലഭിക്കുന്നത്! അതിനുപുറമെ ഓറഞ്ചും മുന്തിരിയും ആപ്പിളും പൈനാപ്പിളും പിന്നെ പേരറിയാത്ത നിരവധി പഴങ്ങളും പ്ലേറ്റുകളിൽ നിരത്തി യിട്ടുണ്ടാകും.

എണ്ണപ്പലഹാരങ്ങളുടെ എണ്ണം പറയാനുമില്ല! സമൂസ ഇല്ലെങ്കിൽ നോമ്പുതുറയില്ല എന്ന അവസ്ഥയിലേക്ക് മാറിയിരിക്കുന്നു! പോരാത്തതിന് മധുര പലഹാരങ്ങളും. നോമ്പ് മുറിക്കുന്ന അവസരത്തിലുള്ളതാണ് ഇവയെല്ലാം. പിന്നെയാണ് വിഭവങ്ങളുടെ വരവ്! പത്തിരി, പൊറോട്ട, അപ്പം, ചപ്പാത്തി, നൂൽപുട്ട് തുടങ്ങിയ പലഹാരങ്ങൾ ഒരുഭാഗത്ത്. നെയ്ച്ചോർ, ബിരിയാണി, കബ്സ, മന്തി തുടങ്ങി റൈസ് ഇനങ്ങൾ മറുഭാഗത്ത്. കറിവെച്ചതും പൊരിച്ചതുമായി മീൻ, ബീഫ്, കോഴി, ആട്, പച്ചക്കറി വിഭവങ്ങൾ വേറെയും...

പട്ടിണി നേരിട്ടനുഭവിച്ചനുഷ്ഠിക്കുന്ന നോമ്പിൽ പോലും പ്രത്യക്ഷമായി ആർഭാടവും പൊങ്ങച്ചവും കേറിക്കൂടിയിട്ടുണ്ട് എന്നർഥം!

ഭക്ഷണം കഴിക്കാനുള്ളതാണ്. വിഭവങ്ങൾ കൂടുതൽ ഉണ്ടെങ്കിലും മുഴുവനും ക്ഷണിതാക്കൾ കഴിച്ചു തീർത്താൽ ആശ്വസിക്കാം. പക്ഷേ, ഓരോ ചടങ്ങും ബാക്കിയാക്കുകയും പാഴാക്കുകയും ചെയ്യുന്ന അന്നത്തിന്റെ അളവ് പേടിപ്പെടുത്തുന്നതാണ്. താളും തവരയും ചക്കക്കുരുവും ചേർത്ത് പടുകൂട്ടാൻ വെച്ചു കഴിച്ച് നോമ്പ് നോറ്റിരുന്ന പഴയതലമുറയുടെ ഇല്ലായ്മയുടെ കാലം ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്. കട്ടൻചായ ശർക്കരപ്പൊട്ട് കടിച്ചുകൂട്ടി കുടിച്ചിരുന്ന കാലവും കഴിഞ്ഞുപോയിട്ടുണ്ട്. ജീവൻ നിലനിർത്താനായി റൊട്ടിക്കഷ്ണത്തിനുവേണ്ടി കാത്തിരിക്കുന്ന, പച്ചിലകൊണ്ട് നോമ്പു തുറക്കുന്ന ഫലസ്തീൻ ജനതയും വർത്തമാനകാലത്ത് നമ്മുടെ മനസ്സിൽ വരേണ്ടതുണ്ട്.

നോമ്പ് തുറക്കുമ്പോഴുള്ള സന്തോഷം മറ്റൊരാളെ നോമ്പ് തുറപ്പിക്കുമ്പോഴും ഉണ്ടാകണം. അത് സമ്പന്നർക്ക് മാത്രമെ സാധിക്കൂ എന്നില്ല. ചെറിയ തുകക്ക് നോമ്പ് തുറപ്പിക്കാൻ അവസരം നൽകുന്ന സംവിധാനങ്ങൾ സംഘടനകൾ ഒരുക്കുന്നുണ്ട്. വീട്ടിലും അതാകാം.

പട്ടിണിയും ദാരിദ്ര്യവും ഓർമപ്പെടുത്തുക കൂടി ചെയ്യേണ്ട വ്രതം ആർഭാടത്തിന്റെയും ധൂർത്തിന്റെയും പാഴാക്കലിന്റെയും കാലം കൂടി ആവാതിരിക്കട്ടെ... ■

# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!



SCHOOL OF Qur'an | جامعة الهند الإسلامية JAMIA AL-HIND AL-ISLAMIYYA

## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000
സന്ദർശിക്കുക: www.schoolofquran.in

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in  www.schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
23 MARCH 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

12 Years
of Colourful
Smiles



# ഈദ് കിസ്‌വ

“കുഞ്ഞുടുപ്പിൽ
നിറയും നറു പുഞ്ചിരി
പാവപ്പെട്ട ഒരു കുട്ടിക്ക് പെരുന്നാൾ
പുതുവസ്ത്രം നൽകാൻ
ഒരു ഓഹരി
നമുക്കും മാറ്റിവെക്കാം...

ഒരു കുട്ടിക്ക്
₹1300/-

പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

SCAN & PAY

റസിപ്റ്റിനും
കൂടുതൽ
വിവരങ്ങൾക്കും
7560 902 902

Wisdom Islamic Students Organization • CV Complex, PV Swami Road, Kozhikode